## അല്ലാഹുവിന്റെ വചനം

وَعَدَ اللّٰهُ الْمُؤْمِنِيْنَ وَ الْمُؤْمِنٰتِ جَنّٰتٍ تَجْرِيْ مِنْ تَحْتِهَا الْاَنْهٰرُ خٰلِدِيْنَ فِيْهَا وَمَسٰكِنَ طَيِّبَةً فِيْ جَنّٰتِ عَدْنٍ ؕ وَ رِضْوَانٌ مِّنَ اللّٰهِ اَكْبَرُ ؕ ذٰلِكَ هُوَ الْفَوْزُ الْعَظِيْمُ ﴿۷۲﴾

സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും താഴോരത്തുകൂടി അരുവികൾ ഒഴുകുന്ന ആരാമങ്ങൾ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. ശാശ്വതവാസത്തിനുള്ള ഉദ്യാനങ്ങളിൽ പരിശുദ്ധമായ താമസസ്ഥലങ്ങളും (അല്ലാഹു അവർക്കു വാഗ്ദാനം ചെയ്തിരിക്കുന്നു.) അല്ലാഹുവിൽനിന്നുള്ള പ്രീതിയാണ് എല്ലാത്തിലും മഹത്തരമായിട്ടുള്ളത്. അതുതന്നെയാണ് മഹത്തായ വിജയം.(9:72)

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ


വാല്യം 9

ലക്കം 15

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 ഏപ്രിൽ 11/ ഹി.ശം 1403 ശഹാദത്ത് 11/1445 ശവ്വാൽ 2


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്ത ആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

### മാസപ്പിറവി കണ്ടാൽ നോമ്പെടുക്കുക:

അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:നിങ്ങൾ മാസപ്പിറവി കണ്ടാൽ നോമ്പെടുക്കുക. മാസപ്പിറവി കണ്ടാൽ നോമ്പു മുറിക്കുക. അതായത് പെരുന്നാളാഘോഷിക്കുക. കാർമേഘം കൊണ്ട് 29 ന് ചന്ദ്രനെ കാണാൻകഴിഞ്ഞില്ലെങ്കിൽ(അല്ലെങ്കിൽ ചന്ദ്രൻ അന്ന് ഉദിച്ചില്ലെങ്കിൽ ശഅ്ബാന്റേയും റമളാന്റേയും 30 എണ്ണം പൂർത്തിയാക്കുക.(ബുഖാരി കിതാബുസ്സൗം)

### ശവ്വാലിലെ 6 നോമ്പ്:

ഹദ്റത്ത് അബൂ അയ്യൂബ് അൻസാരി(റ)വിവരിക്കുന്നു:നബി(സ)തിരുമേനി പറഞ്ഞു:ആരാണോ റമളാനിലെ നോമ്പ് പിടിക്കുന്നത് അതിനുശേഷം( പെരുന്നാൾ ദിവസം വിട്ട്)ശവ്വാലിന്റേയും 6 നോമ്പു പിടിക്കുക. അതിന് വർഷം മുഴുവൻ നോമ്പ് നോറ്റപ്രതിഫലമാണുള്ളത്.

AL ISLAM

### ദുആ ഔഷധമാകുന്നു

*താൻ ഇത്രയധികം പാപം ചെയ്തല്ലോ എന്നു ചിന്തിച്ച് പാപിയായ മനുഷ്യൻ ദുആയിൽനിന്ന് ഒരിക്കലും പിന്തിരിയരുത്. ദുആ ഔഷധമാണ്. പാപത്തോട് വിമുഖത തോന്നിത്തുടങ്ങിയത് എങ്ങനെയെന്ന് ഒടുവിൽ അയാൾ കാണുന്നതാണ്.*

(മൽഫൂദാത്ത് വാല്യം. 1 പേ. 4 )

### ഈ ലക്കത്തിൽ


ജുമുഅ ഖുത്ബ 2023 മാർച്ച് 8 (സമ്പൂർണ തർജമ)

അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം

സുപ്രധാന അറിയിപ്പുകൾ


**പെരുന്നാൾ ദിവസം എന്നത് കൂടുതൽ ആരാധന നിർവഹിക്കേണ്ട ദിവസമാണെന്ന് ഓർക്കേണ്ടതാണ്. സാധാരണ ദിവസങ്ങളിൽ അഞ്ചുനേരനമസ്കാരമാണ് നിർബന്ധമായിട്ടുള്ളത്. പെരുന്നാൾ ദിവസം ആറുനമസ്കാരമാണ് നിർബന്ധം.**

**ഞാൻ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിന് സ്ഥിരമായി ശ്രമിക്കുന്നതാണെന്ന് ആ ദിവസം പ്രതിജ്ഞ ചെയ്യേണ്ടതാണ്. മനുഷ്യരോടുള്ള കടമ നിറവേറ്റുന്നതിനും നിരന്തരം ശ്രമിക്കുന്നതാണെന്നും പ്രതിജ്ഞ ചെയ്യേണ്ടതാണ്. അപ്പോഴാണ് നമ്മുടെ പെരുന്നാളുകൾ യഥാർഥ പെരുന്നാളുകളാകുന്നത്.**

**റമളാൻ അവസാനിക്കുന്നതും ഇന്ന് പെരുന്നാളാഘോഷിക്കുന്നതും നമ്മെ നമ്മുടെ ആരാധനാകർമങ്ങളിൽ നിന്ന് വിടുതൽ നല്കുന്നതിനും കുറവുവരുത്തുന്നതിനും പൂർണമായും ഏർപാടു ചെയ്യാതിരിക്കുന്നതിനുമുള്ള അനുവാദപത്രമാണെന്ന് മനസ്സിലാക്കരുത്. ഈ ആരാധനാകർമങ്ങൾതന്നെയാണ് നമ്മുടെ ഭൗതികവും ആത്മീയവുമായ ജീവിതത്തിൽ അല്ലാഹുവിന്റെ ഫള്ലുകൾക്ക് അവകാശികളാകുന്നതിന് ജാമ്യമായിത്തീരുന്നത്.**

## സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ ഉപദേശങ്ങൾ

അല്ലാഹു ഇന്ന് നമുക്ക് പെരുന്നാളാഘോഷിക്കാൻ സൗഭാഗ്യം പ്രദാനം ചെയ്തിരിക്കുകയാണ്.പക്ഷേ, നല്ല വസ്ത്രം ധരിച്ചു, നല്ലഭക്ഷണം കഴിച്ചു, സ്നേഹിതന്മാരുടെ സദസ്സിലിരുന്ന് സന്തോഷകരമായ കാര്യങ്ങൾ പറഞ്ഞ് ചിരിച്ച് രസിച്ച് സമയം ചെലവഴിച്ചുവെന്നതു മാത്രമല്ല ഒരു മുഅ്മിന് അഥവാ സത്യവിശ്വാസിക്ക് യഥാർഥമായ പെരുന്നാളാഘോഷം. പെരുന്നാൾ നമസ്കരിച്ചു. അതിനോടുള്ള നിർബന്ധകടമ നിറവേറ്റിയെന്ന് മനസ്സിലാക്കി. അതുകൊണ്ട് ഇനി എന്തുവേണമെങ്കിലും ചെയ്യാനുള്ള അനുവാദം കിട്ടിയിരിക്കുന്നു. ആ ദിവസം ളുഹർ നമസ്കരിക്കണമെന്നുള്ള വിചാരമില്ല. അസ്ർ നമസ്കരിക്കണമെന്ന ചിന്തയില്ല. മറ്റു നമസ്കാരങ്ങൾ അനുഷ്ഠിക്കണമെന്ന ശ്രദ്ധയില്ല. ഇനി ചിന്തയുണ്ടായാൽത്തന്നെ വേഗം വേഗം ജംആക്കി നമസ്കരിക്കുക. എന്നല്ല ചിലയാളുകൾ പെരുന്നാൾ നമസ്കാരംപോലും നിർവഹിക്കുന്നില്ല. പെരുന്നാൾ നമസ്കാരം കഴിഞ്ഞാൽ മേൽവിചാരത്തോടെ എഴുന്നേറ്റ് തയ്യാറായി പെരുന്നാൾദിവസത്തിന്റെ മറ്റു ആഘോഷങ്ങളിൽ മുഴുകുന്നു; പെരുന്നാളിന്റെ ഉദ്ദേശ്യമാണ് അതെന്നപോലെ! ഇക്കാര്യം ഞാൻ പേരിനു വേണ്ടി പറയുന്നതല്ല. പ്രത്യുത ഞാൻ അത്തരക്കാരെ കണ്ടിട്ടുണ്ട്. അവർ പെരുന്നാൾ നമസ്കാരവും അനുഷ്ഠിക്കുന്നില്ല. തങ്ങൾക്ക് ഉറക്കംവന്നുപോയെന്നും ഉറങ്ങിപ്പോയെന്നും പറഞ്ഞുവിടുകയും ചെയ്യുന്നു.

പെരുന്നാൾ ദിവസം എന്നത് കൂടുതൽ ആരാധന നിർവഹിക്കേണ്ട ദിവസമാണെന്ന് ഓർക്കേണ്ടതാണ്. സാധാരണ ദിവസങ്ങളിൽ അഞ്ചുനേരനമസ്കാരമാണ് നിർബന്ധമായിട്ടുള്ളത്. പെരുന്നാൾ ദിവസം ആറുനമസ്കാരമാണ് നിർബന്ധം. എത്രത്തോളമെന്നാൽ ചില ദിനങ്ങളിൽ നമസ്കാരം മാപ്പായിട്ടുള്ള സ്ത്രീകൾപോലും പെരുന്നാൾ ദിവസം ഈദുഗാഹിൽ പോകണമെന്ന കൽപനയാണുള്ളത്. അതുകൊണ്ട് പെരുന്നാൾ ദിവസത്തിന് വളരെ പ്രാധാന്യമാണുള്ളത്. പെരുന്നാൾ ദിവസം എന്നത് കേവലം ഒരു ആഘോഷം കൊണ്ടാടുന്നതുപോലെ സംഘടിക്കുന്ന ദിവസമല്ല. പ്രത്യുത അതിൽ അല്ലാഹു നമ്മളെ ചുമതലപ്പെടുത്തിയിട്ടുള്ള ജോലിയോടു, സാധാരണദിവസത്തെക്കാൾ കൂടുതൽ കടമനിറവേറ്റേണ്ടത് നിർബന്ധമാണ്. നമ്മുടെ ആരാധനയോടുള്ള കടമ നിറവേറ്റേണ്ടത് നിർബന്ധമാണ്. മനുഷ്യരോടുള്ള കടമ, അതാണെങ്കിൽ ഓരോ മുഅ്മിനിന്റേയും ചുമതലയായതുകൊണ്ട് നിറവേറ്റേണ്ടത് നിർബന്ധമാണ്. ഞാൻ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിന് സ്ഥിരമായി ശ്രമിക്കുന്നതാണെന്ന് ആ ദിവസം പ്രതിജ്ഞ ചെയ്യേണ്ടതാണ്. മനുഷ്യരോടുള്ള കടമ നിറവേറ്റുന്നതിനും നിരന്തരം ശ്രമിക്കുന്നതാണെന്നും പ്രതിജ്ഞ ചെയ്യേണ്ടതാണ്. അപ്പോഴാണ് നമ്മുടെ പെരുന്നാളുകൾ യഥാർഥ പെരുന്നാളുകളാകുന്നത്. അതിനാൽ അത്തരം പെരുന്നാളുകൾ കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. ഈ കടമകൾ നിർവഹിക്കണമെന്ന് അല്ലാഹു നമ്മളോടു വിശുദ്ധ ഖുർആനിൽ ഒരുപാടു സ്ഥലത്ത് പറഞ്ഞിരിക്കുന്നു. നമ്മൾ ഈ പെരുന്നാൾ ദിവസം പ്രതിജ്ഞ ചെയ്തുകൊണ്ട് ഈ നിർബന്ധ കടമകൾ നിർവഹിക്കുന്നതിന് ശ്രദ്ധിക്കുക. ഭാവിയിൽ നമ്മൾ അവയെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കേണ്ടവരാണ്. ഇവയാണ് ഞാൻ പൊതുവായനിലയിൽ കഴിഞ്ഞ ജുമുഅ ഖുത്ബകളിലും പറഞ്ഞുകൊണ്ടുവന്നത്. അപ്പോൾ നമ്മൾ നമ്മുടെ പെരുന്നാളിന്റെ ലക്ഷ്യം പ്രാപിച്ചു. പെരുന്നാളാഘോഷിക്കുന്നതിന്റെ ലക്ഷ്യവും പ്രാപിക്കുന്നവരായിത്തീരും.

ഹുദൂർ അയ്യദഹുല്ലാഹ് വിശുദ്ധ ഖുർആനിലെ നിസാഅ് എന്ന അധ്യായത്തിലെ 37-ാമത്തെ വചനമുദ്ധരിച്ചുകൊണ്ടു പറഞ്ഞു: ഇതിൽ അല്ലാഹു ചില നിർബന്ധ കടമകളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഇതു നിറവേറ്റാത്തവർ അഹങ്കാരികളും ഗർവുകാരുമാണ്. അത്തരക്കാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് ആരെയാണോ അല്ലാഹു ഇഷ്ടപ്പെടാത്തത് അവർക്ക് ദീനുമില്ല, ദുൻയാവുമില്ല. നബി(സ)തിരുമേനിയും ഒരു അവസരത്തിൽ കടുപ്പിച്ചുതന്നെ പറയുകയുണ്ടായി. അവിടന്ന് പറഞ്ഞു:ആരുടെ മനസ്സിലാണോ ലവലേശം അഹങ്കാരമുള്ളത് അല്ലാഹു അവനെ സ്വർഗത്തിൽ പോകാനനുവദിക്കുകയില്ല. ഒരാൾ ചോദിച്ചു:നല്ലവസ്ത്രം

(ശേഷം പേജ് 7ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

- യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്. അങ്ങ് സുഖമായിരിക്കുന്നെങ്കിൽ എനിക്കെന്തു നഷ്ടമുണ്ടായാലും അത് പ്രശ്നമല്ല.
- ഉഹുദുയുദ്ധവേളയിൽ ഒരിക്കൽ നബി(സ)തിരുമേനി, ഹദ്റത്ത് സഅ്ദിനോട് പറഞ്ഞു: നിന്നിൽ എന്റെ മാതാപിതാക്കൾ തെണ്ടമാണ്. തുടർച്ചയായി അമ്പുകളെയ്തുകൊണ്ടിരിക്കുക. സഅ്ദ്(റ)തന്റെ അവസാനകാലംവരെയും ഈ വാക്കുകളെ വളരെ അഭിമാനപുരസ്സരം വിവരിച്ചുകൊണ്ടിരുന്നു.
- ഉഹുദിലെ ശുഹദാക്കൾ ഉഹുദിൽത്തന്നെ മറവുചെയ്യപ്പെടണമെന്നത് അല്ലാഹുവിന്റെ ഇംഗിതമായിരുന്നു. അവരെ സംബന്ധിച്ചുതന്നെയല്ലേ മിൻഹും മൻ ഖളാ നഹ്ബഹു എന്ന് പറഞ്ഞത്? മറ്റേതൊരു സമൂഹത്തെ പറ്റിയാണ് ഇങ്ങനെ പറയാൻ കഴിയുക?
- അവർ യഥാർഥത്തിൽ അല്ലാഹുവിൽ അനുരക്തരായിരുന്നു. മുഹമ്മദ് റസൂലുല്ലായെ, അല്ലാഹു സ്നേഹിച്ചിരുന്നു. അതുകൊണ്ട് നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ നബി(സ)തിരുമേനിയെ സ്നേഹിച്ചിരുന്നു.
- മക്കക്കാർക്ക് ബദ്റിലേറ്റ പരാജയം ദൗർബല്യവും അസ്വസ്ഥതയും ഭയവുമാണ് സമ്മാനിച്ചത്. മദീനക്കാർക്കാകട്ടെ ഉഹുദിലെ പ്രയാസങ്ങൾ അനുപമമായ ക്ഷമയും, വിശ്വാസവും സ്ഥൈര്യവും ധൈര്യവുമാണ് നൽകിയത്. ഉഹുദിൽ മുസ്‌ലിമീങ്ങൾക്കും വമ്പിച്ച നഷ്ടങ്ങളുണ്ടായി. എന്നാൽ, ഈ നഷ്ടം കാരണം അവർ ആർജിച്ചത് അനുപമമായ സഹനവും വിശ്വാസവീര്യവും സ്ഥൈര്യവും ധൈര്യവുമാണ്. ഉഹുദിലുണ്ടായ നഷ്ടങ്ങൾ കാരണം മദീനവാസികളിൽ ആർക്കും ഭയമോ, അസ്വസ്ഥതയോ ദൗർബല്യമോ പേരിനുപോലും ഉണ്ടായില്ല.
- ഉഹുദുയുദ്ധത്തിൽ നബി(സ)തിരുമേനിയുടെ ദുആ സ്വീകരിക്കപ്പെട്ടതിന്റേയും സ്വഹാബത്തിന്റേയും സ്വഹാബിയാത്തിന്റേയും ത്യാഗങ്ങളുടേയും റസൂലിനോടുള്ള പ്രേമവായ്പിന്റേയും ഈമാൻ ദൃഢീകരിക്കുന്ന ചർച്ച.
- ഫതഹ്പൂർ ബഹാവൽപൂർ ജില്ലയിലെ ചെക്ക് 84 ജമാഅത്തിലെ സ്വദ്റും ഖിള്ർ ഹയാത്ത് ചീമ സാഹിബിന്റെ മകനുമായ ത്വാഹിർ ഇഖ്ബാൽ ചീമ സാഹിബിനെ കഴിഞ്ഞ ദിവസം ശഹീദാക്കുകയുണ്ടായി. പരേതന്റെ അനുസ്മരണവും ജനാസ ഗാഇബും.

### ഖുത്ബ ജുമുഅ 2024 മാർച്ച് 8/1403 അമാൻ 8
### മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۬ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഉഹുദ് യുദ്ധത്തിൽ സ്വഹാബി ഹദ്റത്ത് സഅ്ദിന്റെ ദുആ സ്വീകരിക്കപ്പെടുന്നതിനുവേണ്ടി നബി(സ) തിരുമേനി ചെയ്ത ദുആയുടെ സംഭവം ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് ആഇശ ബിൻത് സഅ്ദ്(റ), തന്റെ പിതാവ് ഹദ്റത്ത് സഅ്ദിൽനിന്ന് നിവേദനം ചെയ്യുന്നു. പറയുന്നു: ശത്രുക്കൾ തിരിച്ച് ആക്രമിച്ചപ്പോൾ ഞാൻ ഒരു ഭാഗത്തായിപോയി. അപ്പോൾ ഞാൻ പറഞ്ഞു: ഞാൻ ഇവരെ എന്നിൽനിന്ന് അകറ്റുകയോ, രക്ഷപ്പെടുകയോ അല്ലെങ്കിൽ ശഹീദാവുകയോ ചെയ്യുന്നതാണ്. പെട്ടെന്നാണ് ഞാൻ തുടുത്ത മുഖമുള്ള ഒരു വ്യക്തിയെ സമീപത്തുതന്നെ കണ്ടത്. മുശ്‌രിക്കീങ്ങൾ അദ്ദേഹത്തെ കീഴ്പ്പെടുത്തിയേനെ, പക്ഷേ, അദ്ദേഹം മണ്ണുവാരി അവർക്കു നേരെ എറിഞ്ഞു. അപ്പോഴാണ് പെട്ടെന്ന് എനിക്കും അദ്ദേഹത്തിനുമിടയിൽ മിഖ്ദാദ് വന്നത്. ഞാൻ മിഖ്ദാദിനോടു ചോദിക്കാൻ തുടങ്ങുമ്പോഴേക്ക് മിഖ്ദാദ് എന്നോടു പറഞ്ഞു: സഅ്ദേ!അത് നബി(സ)തിരുമേനിയായിരുന്നു. നിന്നെ വിളിക്കുന്നുണ്ട്. ഞാനെഴുന്നേറ്റു. എനിക്കൊരു പ്രയാസവുമില്ലാത്തതുപോലെയാണ് തോന്നിയത്. മുമ്പേ, പരിക്കേറ്റ അവസ്ഥയിലും പ്രയാസത്തിലുമായിരുന്നു. അദ്ദേഹം പറയുന്നു: അതിനുശേഷം ആ ശബ്ദം കേട്ടപ്പോൾ പെട്ടെന്നെഴുന്നേറ്റു. എനിക്കൊരു ബുദ്ധിമുട്ടുമില്ലാത്തതുപോലെയാണ് അനുഭവപ്പെട്ടത്. ഞാൻ നബി(സ) തിരുമേനിയുടെ അടുക്കലെത്തിയപ്പോൾ അവിടന്ന് എന്നെ തന്റെ മുമ്പിലിരുത്തി. ഞാൻ അമ്പെയ്യാൻ തുടങ്ങി. ഞാൻ ഇങ്ങനെ ദുആ ചെയ്യുന്നുണ്ടായിരുന്നു. അല്ലാഹുവേ, നിന്റെ അമ്പാകുന്നു. അതുകൊണ്ട് ശത്രുവിനെ വകവരുത്തേണമേ. നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹുവേ, നീ സഅ്ദിന്റെ ദുആ സ്വീകരിക്കേണമേ. അല്ലാഹുവേ, സഅ്ദിന്റെ ഉന്നം ശരിയാക്കേണമേ. സഅ്ദേ! നിന്നിൽ എന്റെ മാതാപിതാക്കൾ തെണ്ടമായിരിക്കട്ടെ. ചുരുക്കത്തിൽ ഞാൻ ഓരോ അമ്പ് എയ്തുകൊണ്ടിരിക്കുമ്പോഴും നബി(സ)തിരുമേനി ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു. അല്ലാഹുവേ, ഇദ്ദേഹത്തിന്റെ ഉന്നം കൃത്യമാക്കേണമേ. ഇദ്ദേഹത്തിന്റെ ദുആ സ്വീകരിക്കേണമേ. അങ്ങനെ ഞാൻ എന്റെ ആവനാഴിയിലെ അമ്പുകളെല്ലാം എയ്തുതീർത്തപ്പോൾ റസൂലുല്ലാഹ്(സ) തന്റെ ആവനാഴിയിലെ അമ്പുകൾ പുറത്തെടുത്തു. എനിക്ക് ചിറകും മുനയുമൊന്നുമില്ലാത്ത അതായത് അമ്പിന്റെ ശരിയായ രൂപമില്ലാത്ത ഒരു അമ്പ് തന്നു. പ്രസ്തുത അമ്പ് മറ്റ് അമ്പുകളേക്കാൾ കൂടുതൽ ഊക്കുള്ളതായിരുന്നു. അല്ലാമ സുഹ്‌രി എഴുതുന്നു. അന്നേ ദിവസം സഅ്ദ് ആയിരം അമ്പുകൾ എയ്തിരുന്നു.(സുബുലുൽഹുദാ വർറശാദ്, വാള്യം 4, പേജ് 200-201, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇതുസംബന്ധിച്ചെഴുതുന്നു. സഅ്ദ് ബിൻ വഖാസിന് നബി(സ)തിരുമേനിതന്നെ അമ്പുകളെടുത്ത് കൊടുത്തിരുന്നു. ഹദ്റത്ത് സഅ്ദ് ഈ അമ്പുകൾ ശത്രുക്കൾക്കുനേരെ നിരന്തരം എയ്തുകൊണ്ടിരുന്നു.

ഒരിക്കൽ നബി(സ)തിരുമേനി, ഹദ്റത്ത് സഅ്ദിനോട് പറഞ്ഞു: നിന്നിൽ എന്റെ മാതാപിതാക്കൾ തെണ്ടമാണ്. തുടർച്ചയായി അമ്പുകളെയ്തുകൊണ്ടിരിക്കുക. സഅ്ദ്(റ)തന്റെ അവസാനകാലംവരെയും ഈ വാക്കുകളെ വളരെ അഭിമാനപുരസ്സരം വിവരിച്ചുകൊണ്ടിരുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ) പേജ് 495)

ഒരു നിവേദനത്തിൽ പറയുന്നു. ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് പറയുന്നു: നബി(സ) തിരുമേനി ഉഹുദുയുദ്ധ ദിവസം തന്റെ ആവനാഴിയിൽനിന്ന് അമ്പുകളെടുത്ത് എനിക്കുവേണ്ടി നിരത്തുകയും, നീ അമ്പ് എയ്തുകൊണ്ടിരിക്കുക, നിന്നിൽ എന്റെ മാതാപിതാക്കൾ തെണ്ടമാണ് എന്ന് പറയുകയും ചെയ്തു.(സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി, ബാബു ഇദ് ഹമ്മത്ത് ത്വാഇഫത്താനി മിൻകും ഹദീഥ് 4055)

നബി(സ)തിരുമേനിയുടെ കല്പനപ്രകാരം ഹദ്റത്ത് ഉമർ(റ), ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ മലമുകളിൽനിന്ന് ആക്രമിച്ചവരെ എങ്ങനെയാണ് പരാജയപ്പെടുത്തിയത്.

ഇതുസംബന്ധമായി ഇങ്ങനെയുള്ള വിവരമാണ് കിട്ടുന്നത്. പറയുന്നു. നബി(സ)തിരുമേനി സ്വഹാബാക്കളുടെ സംഘത്തോടൊപ്പം കുന്നിൻമുകളിലാണുണ്ടായിരുന്നത്. പെട്ടെന്ന് ഖുറയ്ശി സംഘം മലമുകളിലെത്തി. അതിൽ ഖാലിദ് ബിൻ വലീദുമുണ്ടായിരുന്നു. നബി(സ)തിരുമേനി ശത്രുക്കളെ മുകളിൽ കണ്ടപ്പോൾ ദുആ ചെയ്തു: അല്ലാഹുമ്മ ഇന്നഹൂ ലാ യൻബഗീ ലഹും അൻയ്യഅ്‌ലൂനാ, അല്ലാഹുമ്മ ലാ ഖുവ്വത്തലനാ ഇല്ലാബിക്ക അല്ലാഹുവേ! ഞങ്ങളെ അവർ അതിജയിക്കുന്നത് ശരിയല്ലല്ലോ; അല്ലാഹുവേ, ഞങ്ങൾക്ക് നിന്നിൽനിന്നുള്ള ശക്തിയും കഴിവുമല്ലാതെ മറ്റൊന്നുമില്ല. അതേ സമയത്ത്, ഹദ്റത്ത് ഉമർ ഫാറൂഖ്(റ) മുഹാജിരീങ്ങളുടെ ഒരു സംഘവുമായി അവരെ നേരിടുകയുണ്ടായി. അവരെ പിന്നിലേക്ക് തള്ളിമാറ്റി, താഴെ ഇറങ്ങാൻ നിർബന്ധിക്കുകയും ചെയ്തു. ഈ സംഭവത്തെ പറ്റി അല്ലാഹുവിന്റെ ഈ വചനങ്ങൾ ഇറങ്ങി. വലാ തഹിനൂ വലാ തഹ്സനൂ വ അൻതുമുൽ അഅ്‌ലൗന ഇൻകുൻതും മുഅ്മിനീൻ(3:140) നിങ്ങൾ ബലഹീനത കാണിക്കരുത്;വ്യസനിക്കുകയുമരുത്. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയായിരിക്കും വിജയികൾ(സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 323, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ഈ സംഭവത്തെ വിവരിച്ചുകൊണ്ട് പറയുന്നു:നബി(സ)തിരുമേനി മലയിടുക്കിലെത്തിയപ്പോൾ ഖുറയ്ശികളുടെ ഒരു സംഘം ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ മലയിൽ ആക്രമണം നടത്താൻ ആഗ്രഹിച്ചു. എന്നാൽ, നബി(സ) തിരുമേനിയുടെ കല്പന പ്രകാരം ഹദ്റത്ത് ഉമർ(റ) ഏതാനും മുഹാജിരീങ്ങളേയും കൂട്ടി അവരെ നേരിടുകയും പരാജയപ്പെടുത്തുകയും

ചെയ്തു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ) പേജ് 497)

നബി(സ)തിരുമേനിക്ക് പരിക്കേറ്റ അവസ്ഥയിലും, തന്റെ സ്വഹാബാക്കളെ കുറിച്ചുള്ള ഉൽകണ്ഠയെപ്പറ്റി നിവേദനങ്ങളിൽ വന്നിട്ടുണ്ട്. ഹദ്റത്ത് ആഇശ(റ)നിവേദനം. ഹദ്റത്ത് അബൂബക്ർ(റ)ഉഹുദ് ദിവസത്തെ അനുസ്മരിച്ചുകൊണ്ട് പറയുന്നു:അന്നു മുഴുവൻ ത്വൽഹയുടേതായിരുന്നു. അതു വിശദീകരിച്ചുകൊണ്ട് പറയുന്നു: ഞാൻ നബി(സ)തിരുമേനിയുടെ അടുക്കൽ തിരിച്ചുവന്നവരിലു ണ്ടായിരുന്നു. ഞാൻ കാണുന്നത് ഒരാൾ, നബി(സ)തിരുമേനിയുടെ അടുക്കൽ ആ മഹാത്മാവിനെ സംരക്ഷിച്ചുകൊണ്ട് പൊരുതുന്നതാണ്. നിവേദകൻ തുടരുന്നു: ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: ഞാൻ ത്വൽഹയായിരുന്നെങ്കിൽ എത്ര നന്നായേനെ! എനിക്കേതായാലും അവസരം കിട്ടിയില്ല. എന്റെ സമൂഹത്തിൽ നിന്ന് ആരെങ്കിലമായെങ്കിൽ അതെനിക്ക് ഏറെ സന്തോഷപ്രദമായിരിക്കുമെന്ന് ഞാൻ മനസ്സിൽ പറഞ്ഞു. ഏതായാലും എനിക്കും നബി(സ)തിരുമേനിക്കുമിടയിൽ ഒരാളുണ്ടായിരുന്നു. അയാളെ എനിക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല. വാസ്തവത്തിൽ ഞാൻ അയാളേക്കാളും നബി(സ)തിരുമേനിയുടെ സമീപസ്ഥനായിരുന്നു. അയാൾ നീങ്ങുന്നത്രയും വേഗത്തിൽ എനിക്ക് നടക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. നോക്കിയപ്പോൾ അത് അബൂഉബയ്ദ ബിൻ ജർറാഹ് ആയിരുന്നു. അങ്ങനെ ഞാൻ നബി(സ)തിരുമേനിയുടെ അടുക്കലെത്തി. നബി(സ)തിരുമേനിയുടെ താഴത്തെ നാലു പല്ലുകളിൽ മുമ്പിലത്തെ രണ്ടെണ്ണത്തിനും കോമ്പല്ലിനുമിടയിലുള്ള പല്ല് പൊട്ടിപ്പോയിരുന്നു. മുഖത്തും പരിക്കുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ പരിശുദ്ധകവിളിൽ പടത്തൊപ്പിയുടെ വളയങ്ങൾ തുളച്ചു കയറിയിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങളിരുവരും നിങ്ങളുടെ സുഹൃത്തിനെ സഹായിക്കുവിൻ.

നബി(സ)തിരുമേനി ത്വൽഹയെയാണ് ഉദ്ദേശിച്ചത്. അദ്ദേഹത്തിൽനിന്ന് ഒരുപാട് രക്തമൊഴുകുന്നുണ്ടായിരുന്നു. നബി(സ)തിരുമേനി, തന്നെ ശ്രദ്ധിക്കുന്നതിനുപകരം ത്വൽഹയെ നോക്കാനും അദ്ദേഹത്തെ ശുശ്രൂഷിക്കാനും അദ്ദേഹത്തിന്റെ പരിക്കുകൾ കെട്ടിശരിയാക്കാനുമാണ് പറഞ്ഞത്.

നബി(സ)തിരുമേനിയ്ക്ക് സിയാദ് ബിൻ സക്കനോടുണ്ടായിരുന്ന സ്നേഹവാത്സല്യത്തിന്റേയും അദ്ദേഹത്തിന് നബി(സ)തിരുമേനിയോടുണ്ടായിരുന്ന സ്നേഹത്തെക്കുറിച്ചും പരാമർശമുണ്ട്. ഇബ്നു ഇസ്ഹാഖ് എഴുതുന്നു: കാഫിരീങ്ങൾ നബി(സ)തിരുമേനിയെ വലയം ചെയ്തപ്പോൾ അവിടന്ന് പറഞ്ഞു: മൻ റജുലുൻ യുശ്രീ ലനാ നഫ്സഹൂ നമുക്കു വേണ്ടി, തന്നത്താൻ കച്ചവടമാക്കാൻ (സമർപ്പിക്കാൻ) ആരുണ്ട്? അപ്പോൾ സിയാദ് ബിൻ സക്കൻ അഞ്ച് അൻസാരി സ്വഹാബാക്കളോടൊപ്പം തയ്യാറായി വന്നു. ചിലർ, അത് ഉമാറ ബിൻ യസീദ് ബിൻ സക്കൻ ആയിരുന്നുവെന്ന് പറയുന്നുണ്ട്. അങ്ങനെ നബി(സ)തിരുമേനിയുടെ മുമ്പിൽ ധീരത പ്രകടിപ്പിച്ചുകൊണ്ട് ഓരോരുത്തരായി ശഹീദായി. അവസാനം സിയാദ്/ഉമാറ ആയിരുന്നു പൊരുതിക്കൊണ്ടിരുന്നത്. അദ്ദേഹത്തിന് നിരവധി പരിക്കുകളേറ്റു. പിന്നെ മുസ്‌ലിമീങ്ങളുടെ ഒരു സംഘം തിരിച്ചുവന്നു. മുശ്‌രിക്കീങ്ങളെ നബി(സ)തിരുമേനിയുടെ അടുക്കൽനിന്ന് തള്ളിമാറ്റി. അതിനുശേഷം നബി(സ) തിരുമേനി പറഞ്ഞു: സിയാദ് വരൂ! സ്വഹാബാക്കൾ അദ്ദേഹത്തെ നബി(സ)തിരുമേനിയുടെ സമീപമെത്തിച്ചു. നബി(സ)തിരുമേനി തന്റെ പരിശുദ്ധ പാദങ്ങൾ അദ്ദേഹത്തിന് തലയിണയാക്കി. തന്റെ കവിൾ, നബി(സ)തിരുമേനിയുടെ പരിശുദ്ധപാദങ്ങളിൽവച്ചുകൊണ്ടാണ് അദ്ദേഹം മരണപ്പെട്ടത്. അദ്ദേഹത്തിന്റെ ശരീരത്തിൽ 14 പരിക്കുകളേറ്റിരുന്നു.(സുബുലുൽഹുദാ വർറശാദ്, വാല്യം 4, പേജ് 203, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)

ഈ സംഭവങ്ങൾ നേരത്തേയും വിവരിച്ചതാണ്. ചിലപ്പോൾ പുതിയ വല്ല കാര്യങ്ങളോ, എന്തെങ്കിലും പുതിയ വാചകങ്ങളോ അവതരണരീതിയോ ഉണ്ടാകുന്നതാണ്. അതുകൊണ്ട് വീണ്ടും വിവരിക്കുന്നതാണ്.

ഉഹുദിൽനിന്ന് മദീനയിലേക്കുള്ള നബി(സ)തിരുമേനിയുടെ മടക്കം നിവേദനങ്ങളിൽ പറയുന്നുണ്ട്. ഉഹുദുയുദ്ധ ദിവസം നബി(സ)തിരുമേനി ഉഹുദിലെ ശുഹദാക്കളുടെ ഖബറടക്കത്തിനുശേഷം മദീനയിൽ തിരിച്ചെത്തി. (ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹ്(സ), വാല്യം 7, പേജ് 55, പ്രസാധകർ ബസം ഇഖ്ബാൽ ലാഹോർ) (സുബുലുൽഹുദാ വർറശാദ്, വാല്യം 4, പേജ് 227, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1993)

മഗ്‌രിബ് നമസ്കാരം മദീനയിലാണ് അനുഷ്ഠിച്ചതെന്നും കാണപ്പെടുന്നുണ്ട്. ഒരു ഗ്രന്ഥകാരൻ എഴുതുന്നു: ഉഹുദു മൈതാനത്തുനിന്ന് മദീനയിൽ തരിച്ചെത്തിയപ്പോൾ മഗ്‌രിബിന്റെ സമയം ആയിരുന്നു. ബാങ്കുകൊടുത്തു. നമസ്കരിക്കാൻ നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടേയും, ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റേയും സഹായത്തോടുകൂടി മസ്ജിദിലെത്തി. നമസ്കരിച്ചതിനുശേഷം അവിടന്ന് വീണ്ടും വീട്ടിൽപോയി. ഇശാ നമസ്കാര സമയമായപ്പോൾ ഹദ്റത്ത് ബിലാൽ വീണ്ടും ബാങ്ക് കൊടുത്തു. പക്ഷേ, നബി(സ)തിരുമേനി ഉറക്കത്തിലായതുകൊണ്ട് വന്നില്ല. അവിടന്ന് വിശ്രമിക്കുകയായിരുന്നു; ഉറങ്ങുകയായിരുന്നു. വരാൻ കഴിഞ്ഞില്ല. അതായത് പ്രസ്തുത ബാങ്കിന് ശേഷമുള്ള സമയത്തെത്തിയില്ല. അപ്പോൾ ഹദ്റത്ത് ബിലാൽ(റ), നബി(സ)തിരുമേനിയുടെ വാതിൽക്കൽ തന്നെ ആ മഹാത്മാവിനേയും കാത്തിരുന്നു. അല്ലാതെ തിരിച്ചുവന്ന് നമസ്കരിക്കുകയല്ല ചെയ്തത്. മറിച്ച് കാത്തിരിക്കുകയാണുണ്ടായത്. രാത്രി കുറേ സമയം കഴിഞ്ഞപ്പോൾ ഹദ്റത്ത് ബിലാൽ(റ) നബി(സ)തിരുമേനിയെ നമസ്കരിക്കാൻ വിളിച്ചു. നബി(സ)തിരുമേനി നമസ്കരിക്കാൻ വന്നപ്പോൾ നബി(സ)തിരുമേനിയുടെ അവസ്ഥ നേരത്തേതിലും മെച്ചപ്പെട്ടിരുന്നു. ഇശാഅ് നമസ്കരിച്ചതിനുശേഷം അവിടന്ന് വീട്ടിലേക്ക് തിരിച്ചുപോയി. നമസ്കാര സ്ഥലം മുതൽ വീടുവരേയും സ്വഹാബാക്കൾ സ്വഫ്ഫായി നിൽക്കുന്നുണ്ടായിരുന്നു. അവർക്കിടയിലൂടെ നബി(സ)തിരുമേനി തനിച്ചുതന്നെയാണ് വീട്ടിൽ പോയത്. അപ്പോൾ ആരുടേയും സഹായം വേണ്ടിവന്നില്ല. നേരത്തെ മഗ്‌രിബിന് വന്നപ്പോൾ സഹായത്തോടെയാണ് വന്നത്. പിന്നെ വിശ്രമിക്കുകയും ഇശാ വൈകി നമസ്കരിക്കുകയും ചെയ്തു. തിരിച്ചുപോകുമ്പോഴും പിന്നെ വരുമ്പോഴും പോകുമ്പോഴും സഹായത്തിന്റെ ആവശ്യമുണ്ടായില്ല. അപ്പോൾ ചില സ്ത്രീകൾ ഹദ്റത്ത് ഹംസക്കുവേണ്ടി അലമുറയിട്ടു കരയുന്നത് കണ്ടപ്പോൾ അവിടന്ന് അവരെ വിലക്കി. ഇതേപറ്റി കഴിഞ്ഞ ഖുത്‌ബയിൽ ഞാൻ പറഞ്ഞിരുന്നു. നബി(സ)തിരുമേനി വീട്ടിൽ തിരിച്ചുപോയപ്പോൾ കാവൽക്കാരല്ലാതെ മറ്റെല്ലാ സ്ത്രീ പുരുഷന്മാരും താന്താങ്ങളുടെ വീടുകളിലും പോയി. (ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹ്(സ), വാല്യം 7, പേജ്63, പ്രസാധകർ ബസം ഇഖ്ബാൽ ലാഹോർ).

പിന്നീട് ഡ്യൂട്ടിയിൽ ഉണ്ടായിരുന്നവർ മാത്രം അവിടെ തങ്ങുകയുണ്ടായി.

ഇതുസംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ. എഴുതുന്നു:എല്ലാ സംവിധാനവും പൂർത്തിയാക്കിയശേഷം നബി(സ) തിരുമേനി വൈകുന്നേരം മദീനയിലേക്ക് പുറപ്പെട്ടു. അതായത് എല്ലാ കാര്യങ്ങളും പൂർത്തിയാക്കി. അല്ലാതെ പരിക്കേറ്റതുകൊണ്ട് വേഗം വരികയല്ല ചെയ്തത്. മറിച്ച് എല്ലാ കർത്തവ്യങ്ങളും പൂർത്തിയാക്കിയിരുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ) പേജ് 502)

മദീനയിലെ സ്ത്രീകളുടെ സഹനത്തിന്റെ മാതൃക. ഇതുസംബന്ധമായി ഇതിനുമുമ്പേയും അവരുടെ മാതൃക നല്കിക്കഴിഞ്ഞതാണ്. ഇതുസംബന്ധിച്ച് ചില ഉദാഹരണങ്ങൾ ഞാൻ നേരത്തേയും കേൾപ്പിച്ചതാണ്.

ഹദ്റത്ത് ഹംന ബിൻത് ജഹ്ശിന്റെ ആവേശമെന്തായിരുന്നു. റസൂൽകരീം(സ)ഉഹുദ് യുദ്ധത്തിനുശേഷം മദീനയിലേക്ക് തിരിച്ചപ്പോൾ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ ഭാര്യ ഹദ്റത്ത് ഹംന ബിൻത് ജഹ്ശിനെ കാണുകയുണ്ടായി. ആളുകൾ അവർക്ക്, അവരുടെ സഹോദരൻ അബ്ദുല്ലാഹ് ബിൻ ജഹ്ശ് ശഹീദായ വിവരം നൽകി. അപ്പോൾ അവർ ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ പറഞ്ഞു. അദ്ദേഹത്തിന്റെ മഗ്ഫിറത്തിനുവേണ്ടി ദുആ ചെയ്തു. പിന്നീട് ആളുകൾ അവരുടെ മാതുലൻ ഹംസയുടെ ശഹാദത്ത് അറിയിച്ചു. അപ്പോൾ അവർ പറഞ്ഞു: ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി പിന്നീട് ആളുകൾ അവരുടെ ഭർത്താവ് മുസ്അബ് ബിൻ ഉമയ്റിന്റെ ശഹാദത്ത് അറിയിച്ചു. അപ്പോൾ അവർ കരയാൻ തുടങ്ങി. അസ്വസ്ഥയായി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ഭാര്യക്ക് തന്റെ ഭർത്താവിനെ കുറിച്ച് ഒരു പ്രത്യേക സ്ഥാനവും പദവിയുമുണ്ട്. (സീറത്ത് ഇബ്നു ഹിശാം, പേജ് 396, പ്രസാധനം ദാറു ഇബ്നുഹസം, ബെയ്റുത്ത്)

മറ്റൊരു നിവേദനത്തിൽനിന്ന് ഹദ്റത്ത് ഹംന ബിൻത് ജഹ്ശിനെ കുറിച്ച് വിവരം ലഭിക്കുന്നുണ്ട്. നിന്റെ സഹോദരൻ ശഹീദായി എന്ന് അവരോടു പറയപ്പെട്ടപ്പോൾ അവർ പറഞ്ഞു, അല്ലാഹു അദ്ദേഹത്തിനുമേൽ കരുണ ചൊരിയട്ടെ. എന്നിട്ടു പറഞ്ഞു: ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ ആളുകൾ പറഞ്ഞു: നിന്റെ ഭർത്താവും ശഹീദായിരിക്കുന്നു. അപ്പോൾ അവർ പറഞ്ഞു: എന്റെ ദുഃഖമേ! അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ഭാര്യക്ക് ഭർത്താവിനോടു ഒരു ബന്ധമുണ്ട്. അത് മറ്റാരോടുമില്ലാത്തതാണ്.(സുനൻ ഇബ്നുമാജ, കിതാബുൽ ജനാഇസ്, ബാബു മാജാഅ ഫിൽബക്കാ അലൽ മയ്യിത്തി,, ഹദീഥ് 1590)

ഒരു പ്രഭാഷണത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഉം തന്റെ സ്വതസിദ്ധ ശൈലിയിൽ ഈ സംഭവം വിവരിച്ചിട്ടുണ്ട്. ഇതിൽ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ ശഹാദത്ത് സംഭവവുമുണ്ട്. അവിടെ ഇതേ സംഭവമാണ് വിവരിക്കുന്നത്. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ ശഹാദത്തിൽ അദ്ദേഹത്തിന്റെ ഭാര്യയുടെ വൈകാരികഭാവത്തെ പറ്റിയാണ് പറയുന്നത്. പറയുന്നു: പെട്ടെന്ന് മനസ്സിന് ഒരു ആഘാതം ഉണ്ടാകാതിരിക്കാൻ ഒന്നിലേറെ കുടുംബബന്ധുക്കൾ മരണപ്പെട്ട സ്വഹാബാക്കൾക്കും സ്വഹാബിയാത്തിനും സാവധാനത്തിലാണ് അതേപറ്റി അറിയിപ്പ് നൽകിയിരുന്നത്. അതായത് കുടുംബക്കാരായ ഒന്നിലധികം ശുഹദാക്കളുണ്ടായ സ്വഹാബാക്കൾക്കും സ്വഹാബിയാത്തിനും പെട്ടെന്ന് വലിയൊരു ആഘാതമുണ്ടാകാതിരിക്കാൻ അതേപറ്റി ഒന്നിച്ച് അറിയിപ്പ് നൽകിയിരുന്നില്ല. മറിച്ച്, മെല്ലെ മെല്ലെ ആദ്യം ഒരാളെപറ്റി. പിന്നെ അടുത്തയാളെ

പറ്റി. അതിനുശേഷം അടുത്തയാളെപറ്റിയാണ് അറിയിപ്പ് നൽകിയിരുന്നത്. നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹദ്റത്ത് അബ്ദുല്ലായുടെ സഹോദരി ഹംന ബിൻത് ജഹ്ശ് എത്തിയപ്പോൾ അവിടന്ന് പറഞ്ഞു: ഹംനാ! സ്വബ്ർ ചെയ്യുകയും അല്ലാഹുവിൽനിന്ന് പ്രതിഫലം പ്രതീക്ഷിക്കുകയും ചെയ്യുക. ഹംന ചോദിച്ചു: യാ റസൂലല്ലാഹ്! എന്ത് പ്രതിഫലം? നബി(സ) തിരുമേനി പറഞ്ഞു: നിന്റെ മാതുലൻ ഹംസയെ സംബന്ധിച്ച്.അപ്പോൾ ഹംന പറഞ്ഞു: ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു: ഹംനാ! സ്വബ്ർ ചെയ്യുക. അല്ലാഹുവിൽനിന്ന് പ്രതിഫലം കാംക്ഷിക്കുകയും ചെയ്യുക.അവർ ചോദിച്ചു: ഇത് ആരെപറ്റിയുള്ള പ്രതിഫലമാണ്? നബി(സ)തിരുമേനി പറഞ്ഞു:നിന്റെ സഹോദരൻ അബ്ദുല്ലായുടെ. അപ്പോൾ ഹംന വീണ്ടും ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ എന്ന് പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി വീണ്ടും പറഞ്ഞു: ഹംനാ! സ്വബ്ർ ചെയ്യൂ. അല്ലാഹുവിൽനിന്ന് പ്രതിഫലം പ്രതീക്ഷിക്കുകയും ചെയ്യൂ. അവർ പറഞ്ഞു: യാ റസൂലല്ലാഹ്! ഇത് ആരെ സംബന്ധിച്ച്? നബി(സ) തിരുമേനി പറഞ്ഞു: മുസ്അബ് ബിൻ ഉമയ്റിനെ സംബന്ധിച്ച്. അപ്പോൾ ഹംന പറഞ്ഞു: അഹോ എന്റെ ദുഃഖമേ! അതുകേട്ടപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:തീർച്ചയായും ഭർത്താവിന് ഭാര്യയെ സംബന്ധിച്ച് വലിയ കടമകളുണ്ട്. അത് മറ്റാർക്കുമില്ലാത്തതാണ്. അവരോടുചോദിച്ചു. അതായത് ഹദ്റത്ത് ഹംനയോട്, നീ ഭർത്താവിനെ പറ്റി മാത്രം ഇങ്ങനെ എന്തുകൊണ്ടാണ് പറഞ്ഞത്? അവർ പറഞ്ഞു. യാ റസൂലല്ലാഹ്! മക്കൾ അനാഥമാകുന്നതോർത്തപ്പോൾ ഞാൻ അസ്വസ്ഥയായി, ആ ഒരവസ്ഥയിൽ എന്റെ വായിൽ വന്നുപോയതാണ്. അതുകേട്ടപ്പോൾ നബി(സ)തിരുമേനി മുസ്അബിന്റെ മക്കൾക്കുവേണ്ടി ഇങ്ങനെ ദുആ ചെയ്തു. അല്ലാഹുവേ! അവരുടെ രക്ഷിതാവും സംരക്ഷകനുമായുള്ളോവേ! അവർക്കുമേൽ കരുണയും വാത്സല്യവും ചൊരിയേണമേ! അവരോട് നല്ലനിലയിൽ വർത്തിക്കേണമേ.(ഖുത്ബാത്തെ ത്വാഹിർ, ഖിലാഫത്തിനുമുമ്പേ, പേജ് 363)

ഹദ്റത്ത് ഹിന്ദിനെ പറ്റി കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞതാണ്. അവർക്ക് നബി(സ)തിരുമേനിയോടുണ്ടായിരുന്ന സ്നേഹത്തേയും അനുരക്തിയേയും ദൈവപ്രീതി കരസ്ഥമാക്കാനുള്ള അഭിവാഞ്ചയേയും പറ്റി പരാമർശങ്ങൾ കാണുന്നുണ്ട്. അവരുടെ ഭർത്താവും സഹോദരനും മകനും മൂന്നുപേരും ശഹീദായെന്ന് അവർക്ക് അറിവ് കിട്ടിയിരുന്നു. നേരത്തേയും പറഞ്ഞിരുന്നതുപോലെ ഇവർ മൂന്നു പേരുടേയും മൃതദേഹം അവർ മദീനയിലേക്ക് കൊണ്ടുവരികയായിരുന്നു. പക്ഷേ, തിരിച്ചുകൊണ്ടുപോകുകയും ചെയ്തു. ഇതിന്റെ വിശദീകരണത്തിൽ പറയുന്നു, ഉഹുദിലെ ശുഹദാക്കൾ ഉഹുദിൽത്തന്നെ മറയടക്കപ്പെടണമെന്നത് അല്ലാഹുവിന്റെ ഇംഗിതമായിരുന്നു.

ഇവിടംവരെ ഞാൻ നേരത്തേയും പരാമർശിച്ചതാണ്. ഹദ്റത്ത് ആഇശ(റ) ഉഹുദിലെ വിവരങ്ങൾ അറിയാൻ പുറപ്പെട്ടതായിരുന്നു. അവർ ഉഹുദിൽ നിന്ന് വരികയായിരുന്നു. ഹദ്റത്ത് ഹിന്ദിനോട് വിവരങ്ങൾ അന്വേഷിച്ചപ്പോൾ അവർ നൽകിയ മറുപടിയെ പറ്റിയും കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു. അതിന്റെ കൂടുതൽ വിശദാംശങ്ങൾ ഇപ്രകാരമാകുന്നു. ഹദ്റത്ത് ഹിന്ദ് പറഞ്ഞു: നബി(സ)തിരുമേനി സുഖമായിരിക്കുന്നു. അങ്ങനെയാണെങ്കിൽ നബിക്കുശേഷം മറ്റെല്ലാ പ്രയാസങ്ങളും എളുപ്പമാണ്. നബി(സ)തിരുമേനി സൗഖ്യത്തിലാണെങ്കിൽ പിന്നെ പ്രശ്നമൊന്നുമില്ല. തുടർന്ന് ഹദ്റത്ത് ഹിന്ദ് ഈ ആയത്ത് ഓതി. വ റദ്ദല്ലാഹുല്ലദീന കഫറൂ ബി ഗയ്ളിഹിം ലം യനാലൂ ഖയ്റൻ വ കഫല്ലാഹുൽമുഅ്മിനീനൽഖിതാൽ വ കാനല്ലാഹി കവിയ്യൻ അസീസൻ(33:26) വിശ്വസിക്കാത്തവരെ അവരുടെ കോപത്തോടുകൂടിത്തന്നെ അല്ലാഹു തിരിച്ചയച്ചു. അവർ ഒരു ഗുണവും നേടിയില്ല. യുദ്ധത്തിൽ വിശ്വാസികൾക്ക് അല്ലാഹുമതി. അല്ലാഹു ശക്തനും പ്രതാപവാനുമാകുന്നു.

ഹദ്റത്ത് ആഇശ(റ) ചോദിച്ചു: ഒട്ടകപ്പുറത്ത് ആരൊക്കെയാണ്? അപ്പോൾ ഹദ്റത്ത് ഹിന്ദ് പറഞ്ഞു: എന്റെ സഹോദരനും എന്റെ മകൻ ഖല്ലാദും എന്റെ ഭർത്താവ് അംറ് ബിൻ ജമൂഹുമാകുന്നു. ഹദ്റത്ത് ആഇശ(റ)ചോദിച്ചു: നിങ്ങൾ ഇവരെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്? അവർ പറഞ്ഞു: ഞാൻ ഇവരെ മദീനയിൽ ഖബ്റടക്കാൻ കൊണ്ടുപോകുകയാണ്.തുടർന്ന് അവർ ഒട്ടകത്തെ തെളിച്ചെങ്കിലുംഅതവിടെതന്നെ മണ്ണിൽ ഇരുന്നു. ഹദ്റത്ത് ആഇശ(റ)പറഞ്ഞു: അതിന്റെ പുറത്ത് ഭാരം കൂടുതലാണ്. അപ്പോൾ ഹദ്റത്ത് ഹിന്ദ് പറഞ്ഞു: ഇത് രണ്ട് ഒട്ടകങ്ങളുടെ ഭാരം ചുമക്കാൻ കെൽപുള്ളതാണ്. പക്ഷേ, ഈ സമയത്ത് അതു നേരെ മറിച്ചാണ് ചെയ്യുന്നത്. അവർ ഒട്ടകത്തെ ശകാരിച്ചപ്പോൾ അത് എഴുന്നേറ്റു. അവർ അതിനെ മദീനയിലേക്ക് തെളിച്ചപ്പോൾ വീണ്ടും അത് ഇരിക്കുകയുണ്ടായി. എന്നാൽ, അതിനെ ഉഹുദിലേക്ക് തെളിച്ചപ്പോൾ അതു വേഗം വേഗം നടക്കാൻ തുടങ്ങി. തുടർന്ന് അവർ നബി(സ)തിരുമേനിയുടെ അടുക്കലെത്തി. നബി(സ)തിരുമേനിയോടു നടന്ന കാര്യങ്ങളെല്ലാം പറയുകയുണ്ടായി. നബി(സ) തിരുമേനി പറഞ്ഞു: ഈ ഒട്ടകം നിയോഗിക്കപ്പെട്ടതാണ്. അതായത് ഇതിനെ അല്ലാഹു ഈ ആവശ്യത്തിന് അഥവാ മദീനയിൽ പോകാതെ ഉഹുദിലേക്ക് പോകാൻ വേണ്ടി നിയോഗിച്ചതാണ്. തുടർന്ന് ചോദിച്ചു: നിങ്ങളുടെ ഭർത്താവ് ഉഹുദിൽ പോകുന്നതിന് മുമ്പേ വല്ല കാര്യവും പറഞ്ഞിട്ടുണ്ടോ? അവർ പറഞ്ഞു: അംറ് ഉഹുദിലേക്ക് പുറപ്പെടുമ്പോൾ ഖിബ്ലയുടെ നേരെ മുഖംതിരിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: അല്ലാഹു എന്നെ നാണംകെട്ട രീതിയിൽ എന്റെ കുടുംബത്തിൽ തിരിച്ചുകൊണ്ടുവരാതിരിക്കട്ടെ! എനിക്ക് ശഹാദത്ത് നൽകേണമേ. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ഇക്കാരണം കൊണ്ടാണ് ഒട്ടകം നടക്കാതിരുന്നത്. തുടർന്ന് പറഞ്ഞു: അല്ലയോ അൻസ്വാർ സംഘമേ! നിങ്ങളിൽ ചില സദൃത്തരായ ആളുകളുണ്ട്. അവരെന്തെങ്കിലും കാര്യം അല്ലാഹുവിനെ ശപഥം ചെയ്ത് പറഞ്ഞാൽ അല്ലാഹു അത് തീർച്ചയായും പൂർത്തിയാക്കുന്നതാണ്. അംറ് ബിൻ ജമൂഹ് അവരിൽപെട്ട ഒരാളാകുന്നു. പിന്നെ നബി(സ)തിരുമേനി അംറ് ബിൻ ജമൂഹിന്റെ ഭാര്യയോടു പറഞ്ഞു: ഹിന്ദേ!നിന്റെ സഹോദരൻ ശഹീദായ സമയം മുതൽ അദ്ദേഹത്തെ എവിടെയാണ് മറയടക്കുന്നതെന്ന് കാത്തുകൊണ്ട് മലക്കുകൾ അദ്ദേഹത്തിനുമേൽ തണൽവിരിച്ച് നിൽക്കുകയായിരുന്നു. നബി(സ)തിരുമേനി ഈ ശഹീദുമാരുടെ ഖബറടക്കംവരേയും അവിടെതന്നെയുണ്ടായി. തുടർന്ന് പറഞ്ഞു: അംറ് ബിൻ ജമൂഹും നിന്റെ മകൻ ഖല്ലാദും സഹോദരൻ അബ്ദുല്ലായും സ്വർഗത്തിൽ പരസ്പരം കൂട്ടുകാരാകുന്നു. അപ്പോൾ ഹിന്ദ് പറഞ്ഞു: യാ റസൂലല്ലാഹ്! എനിക്കും അവരുടെ സാമീപ്യം കിട്ടുന്നതിന് അങ്ങ് ദുആ ചെയ്താലും.(കിതാബുൽമഗാസി, വാള്യം 1, പേജ് 232–233, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

സഅ്ദ് ബിൻ അബീ വഖാസ്(റ)നിവേദനം. നബി(സ)തിരുമേനി ബനൂദീനാർ കുടുംബത്തിലെ ഒരു സ്ത്രീയുടെ അടുക്കലൂടെ പോകാനിടവന്നു. അവരുടെ ഭർത്താവും സഹോദരനും പിതാവും നബി(സ)തിരുമേനിയുടെ കൂടെ ഉഹുദ് യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അവർ എല്ലാവരും ശഹീദായി. അവരെപറ്റി ആ സ്ത്രീയോടു അനുശോചനം അറിയിച്ചപ്പോൾ അവർ ചോദിച്ചു: റസൂലല്ലാഹി(സ) യുടെ അവസ്ഥയെന്താണ്? അപ്പോൾ ആളുകൾ പറഞ്ഞു: അല്ലയോ സ്ത്രീ, നബി(സ)തിരുമേനി നീ ആഗ്രഹിക്കുന്നതുപോലെതന്നെ അൽഹംദുലില്ലാഹ് സൗഖ്യത്തിലാകുന്നു.അപ്പോൾ ആ സ്ത്രീ പറഞ്ഞു: എവിടെയാണുള്ളത്? ഞാൻ കാണാനാഗ്രഹിക്കുന്നു. അപ്പോൾ നബി(സ)തിരുമേനിയെ ചൂണ്ടികാണിച്ചുകൊടുത്തു. നബി(സ)തിരുമേനിയെ കണ്ടപ്പോൾ അവർ പറഞ്ഞു: നബി(സ)തിരുമേനിക്കുശേഷം എല്ലാ മുസ്വീബത്തും നിസ്സാരമാകുന്നു.(സീറത്ത് ഇബ്നു ഹിശാം, പേജ് 545, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

ഒരു നിവേദനത്തിൽനിന്ന് ആ സ്ത്രീയുടെ മകന്റെ ശഹാദത്തിനെപറ്റിയും വിവരം ലഭിക്കുന്നുണ്ട്. ഹദ്റത്ത് അനസ് ബിൻ മാലിക്(റ)നിവേദനം. ഉഹുദുയുദ്ധാവസരത്തിൽ മദീനവാസികൾ വളരെ പരിഭ്രമാവസ്ഥയിലായിരുന്നു. കാരണം നബി(സ)തിരുമേനി ശഹീദായെന്ന കിംവദന്തി പരന്നിരുന്നു. മദീനയുടെ മുക്കിലും മൂലയിലും കരച്ചിലും വിലാപങ്ങളുമായി. ഒരു അൻസ്വാർ സ്ത്രീ അസ്വസ്ഥയായി പുറത്തു വന്നപ്പോൾ മുന്നിൽ തന്റെ സഹോദരന്റേയും മകന്റേയും മൃതദേഹമാണ് കാണുന്നത്. നിവേദകൻ പറയുന്നു: അവർ ആരെയാണ് ആദ്യം കണ്ടതെന്ന് എനിക്കറിയില്ല. പക്ഷേ, അവസാനവ്യക്തിയുടെ അരികിലൂടെ കടന്നുപോകുമ്പോൾ ചോദിച്ചു: ഇത് ആരാണ്? ആളുകൾ പറഞ്ഞു:നിന്റെ സഹോദരനും, ഭർത്താവും, മകനുമൊക്കെയാണ്. അവർ ചോദിച്ചു: നബി(സ)തിരുമേനിയുടെ വാർത്തയെന്താണ്? ആളുകൾ പറഞ്ഞു: നബി(സ)തിരുമേനി മുമ്പിലുണ്ട്. അവർ നടന്ന് നബി(സ)തിരുമേനിയുടെ അടുക്കലെ ത്തി, എന്നിട്ട് നബി(സ)തിരുമേനിയുടെ കോന്തല പിടിച്ചുകൊണ്ട് പറഞ്ഞു:

യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങേക്ക് തെണ്ടമാണ്. അങ്ങ് സുഖമായിരിക്കുന്നെങ്കിൽ എനിക്കെന്തു നഷ്ടമുണ്ടായാലും അത് പ്രശ്നമല്ല.(മുഅ്ജമുൽ ഔസത്ത്, വാള്യം 5, പേജ് 329–330, ഹദീഥ് 7499, ദാറുൽഫിക്ർ ബെയ്റുത്ത്)

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുളളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.ABDUL AMEER
AHMADIYYA MUSLIM JAMAATH, MANJERI

ഒരു മൊഴിയനുസരിച്ച് ആ സ്ത്രീയുടെ പേര് സുമയ്‌റാഅ് ബിൻത് ഖയ്സ് എന്നാകുന്നു. ഇവർ നുഅ്മാൻ ബിൻ അബ്ദു അംറിന്റെ മാതാവാകുന്നു.(കിതാബുൽമഗാസി, വാല്യം 1, പേജ് 251, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരു സന്ദർഭത്തിൽ ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു. സ്വഹാബാക്കളിൽ ധീരതയുടെ നിരവധി ഉദാഹരണങ്ങൾ കാണാൻ കഴിയും. ഭൗതികലോകത്ത് കോടിക്കണക്കിലൊന്ന്, അല്ലെങ്കിൽ നൂറുക്കണക്കിന് രാജ്യങ്ങളിൽ ഏതാനും മാതൃകകൾ കണ്ടേക്കാം. എന്നാൽ, ഇവിടെ ഏതാനും ആയിരം സ്വഹാബാക്കളിൽ നൂറുക്കണക്കിന് മാതൃകകൾ കാണപ്പെടുന്നു. മറ്റുള്ളവരിലും ഉണ്ടാകാമെങ്കിലും അത് കോടികളിലൊന്നോ രണ്ടോ ആയിരിക്കും. പക്ഷേ, ഇവിടെ ആയിരങ്ങളിൽ നൂറുക്കണക്കിന് ഉദാഹരണങ്ങളാണുളളത്. എത്ര ഉന്നതമായ മാതൃകയാണെന്ന് നോക്കുക. ഒരു സ്ത്രീയുമായി ബന്ധപ്പെട്ട സംഭവമാണ്.

വീണ്ടും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു. ഞാൻ പലതവണ വിവരിച്ചിട്ടുള്ളതാണ്. ഇത് എല്ലാ സദസ്സുകളിലും കേൾപ്പിക്കാനും അതിന്റെ സ്മരണ പുതുപുത്തനായി നിലനിറുത്താനും യോഗ്യമാണ്. ചില സംഭവങ്ങൾ കൂടെക്കൂടെ കേട്ടാലും പഴക്കം വരുന്നതല്ല. അതുപോലെ ഒരു സംഭവമാണിത്. ഒരു സ്ത്രീ ഉഹുദ് യുദ്ധാവസരത്തിൽ നബി(സ)തിരുമേനി ശഹീദായെന്ന കിംവദന്തി കേൾക്കാനിടയായപ്പോൾ മറ്റു സ്ത്രീകളോടൊപ്പം പരിഭ്രമിച്ച് പുറത്തുവന്നു. ഉഹുദിൽ നിന്ന് തിരിച്ചുവരുന്ന ആദ്യത്തെ സവാരിയെ കണ്ടപ്പോൾ അവർ അദ്ദേഹത്തോടു ചോദിച്ചു: നബി(സ)തിരുമേനിയുടെ വിവരമെന്താണ്? അദ്ദേഹം പറഞ്ഞു: നിങ്ങളുടെ ഭർത്താവ് കൊല്ലപ്പെട്ടിരിക്കുന്നു.അവർ പറഞ്ഞു: ഞാൻ നിങ്ങളോടു നബി(സ)തിരുമേനിയെ സംബന്ധിച്ചാണ് ചോദിക്കുന്നത്. നിങ്ങളെന്റെ ഭർത്താവിനെ പറ്റിയാണ് പറയുന്നത്.അദ്ദേഹം പറഞ്ഞു: നിന്റെ പിതാവും വധിക്കപ്പെട്ടിരിക്കുന്നു. അവർ പറഞ്ഞു: ഞാൻ നിങ്ങളോടു നബി(സ)തിരുമേനിയെ സംബന്ധിച്ച് ചോദിക്കുന്നു. നിങ്ങളാണെങ്കിൽ എന്റെ പിതാവിനെ പറ്റി പറയുന്നു. അയാൾ പറഞ്ഞു:നിന്റെ രണ്ട് സഹോദരന്മാരും കൊല്ലപ്പെട്ടിരിക്കുന്നു.ആ സ്ത്രീ വീണ്ടും പറഞ്ഞു: നിങ്ങളെന്റെ ചോദ്യത്തിന് മറുപടി നൽകുക! ഞാനെന്റെ ബന്ധുക്കളെ കുറിച്ചല്ല ചോദിക്കുന്നത്. ഞാൻ നബി(സ)തിരുമേനിയെ കുറിച്ചാണ് ചോദിക്കുന്നത്. നബി (സ) തിരുമേനി സൗഖ്യത്തിലാണെന്ന കാര്യത്തിൽ ആ സ്വഹാബിക്ക് ഉറപ്പുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ആ സ്ത്രീയെ സംബന്ധിച്ചിടത്തോളം അവരുടെ അടുത്ത ബന്ധുക്കളുടെ മരണത്തെപ്പറ്റി അവരെ അറിയിക്കുന്നതായിരുന്നു ഉചിതമായി തോന്നിയത്. എന്നാൽ, ആ സ്ത്രീയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രിയപ്പെട്ടത് നബി(സ)തിരുമേനിയുടെ അസ്തിത്വമായിരുന്നു. അതുകൊണ്ടാണ് അവർ അദ്ദേഹത്തോട് ദ്വേഷപ്പെട്ടുകൊണ്ട് നിങ്ങളെന്റെ ചോദ്യത്തിന് മറുപടി നൽകൂ എന്ന് പറഞ്ഞത്. അപ്പോൾ അദ്ദേഹം നബി(സ)തിരുമേനി സൗഖ്യത്തിലാണെന്ന് പറഞ്ഞു. അതുകേട്ടപ്പോൾ ആ സ്ത്രീ പറഞ്ഞു: നബി(സ)തിരുമേനി ജീവിച്ചിരിപ്പുണ്ടെങ്കിൽ പിന്നെ ആര് മരിച്ചാലും എനിക്ക് സങ്കടമില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഈ മാതൃകക്കു മുന്നിൽ പത്രക്കാർ കൊട്ടിഘോഷിക്കുന്ന വൃദ്ധയുടെ ഉദാഹരണത്തിന് ഒരു പ്രസക്തിയുമില്ല. അതായത് രണ്ടാം ലോക മഹായുദ്ധത്തിൽ ജർമനിയിലെ ഒരു വൃദ്ധസ്ത്രീയുടെ മകൻ കൊല്ലപ്പെട്ടപ്പോൾ ആ സ്ത്രീ പ്രത്യക്ഷത്തിൽ പൊട്ടിച്ചിരിച്ചുകൊണ്ട് പ്രസ്തുത വാർത്തയോടു പ്രതികരിക്കുകയുണ്ടായി. അന്ന് പത്രങ്ങളിൽ ഇങ്ങനെ വാർത്ത വന്നിരുന്നു. നോക്കുക, ഈ സ്ത്രീ എത്ര വലിയ സഹനമാണ് തന്റെ മകൻ വധിക്കപ്പെട്ടിട്ടും കാണിച്ചതെന്ന്. ഒരുവിധ ദുഃഖവുമുണ്ടായിട്ടില്ലെന്നും, പൊട്ടിച്ചിരിച്ചുകൊണ്ട് സഹനപൂർവ്വം പ്രതികരിച്ചുവെന്നും വാർത്ത കൊടുത്തിരുന്നു. ഇതേപറ്റിയാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നത്. പറയുന്നു: ഈ പ്രകടനം വേദന കടിച്ചമർത്തിക്കൊണ്ടുള്ളതാണെന്ന് തോന്നുന്നു. അവർ പൊട്ടിച്ചിരിച്ചെങ്കിലും അത് ദുഃഖഭാരം കൊണ്ടുള്ളതാണ്. അവർ മനസ്സുകൊണ്ട് കരയുകയാണ്. അതായത് ആ ജർമൻ സ്ത്രീ മനസ്സിൽ കരയുകയാണ്. എന്നാൽ, ഒന്നും സംഭവിച്ചിട്ടില്ലെന്ന മട്ടിൽ പ്രത്യക്ഷത്തിൽ ധൈര്യം കാണിക്കുകയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)തുടരുന്നു. എന്നാൽ, ആ സ്ത്രീ സ്വഹാബിയുടെ സംഭവം ദുഃഖം കടിച്ചമർത്തി മനസ്സിൽ കരയുകയായിരുന്നില്ല. അത് പ്രകടിപ്പിക്കാതിരിക്കുകയായിരുന്നില്ല. മറിച്ച് ഈ സ്ത്രീസ്വഹാബിക്ക് നബി(സ)തിരുമേനി ജീവിച്ചിരിക്കുന്നതിൽ മനസ്സിലും സന്തോഷമുണ്ടായിരുന്നു. എന്നാൽ, ആ ജർമൻ സ്ത്രീയുടെ മനസ്സിൽ ദുഃഖമായിരുന്നു. അത് അവർ പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നുണ്ടായിരുന്നില്ല. അതായത് ആ ജർമൻ സ്ത്രീയുടെ ഉള്ളിൽ ദുഃഖമുണ്ടായിരുന്നു. എന്നാൽ, ഈ സ്ത്രീസ്വഹാബിയുടെ ഉള്ളിൽ ലവലേശം ദുഃഖമുണ്ടായിരുന്നില്ല. ഈ തിളക്കമാർന്ന മാതൃകകൾക്ക് തത്തുല്യമായത് ലോകചരിത്രങ്ങളിൽ കാണാൻ സാധ്യമല്ല. അവരെ സംബന്ധിച്ചുതന്നെയല്ലേ മിൻഹും മൻഖളാ നഹ്ബഹു എന്ന് പറഞ്ഞത്? മറ്റേതൊരു സമൂഹത്തെ പറ്റിയാണ് ഇങ്ങനെ പറയാൻ കഴിയുക?

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു. ഈ സ്ത്രീയുടെ സംഭവം വായിക്കുമ്പോൾ അവരോടുള്ള ആദരവിനാൽ ഹൃദയം നിറയുന്നു. എന്റെ മനസ്സ് ആ പരിശുദ്ധ മഹതിയുടെ മടിത്തട്ടിനെ സ്പർശിക്കാനും പിന്നെ ആ കൈകൾ കണ്ണുകളിൽ ചേർത്തുപിടിക്കാനും ആഗ്രഹിക്കുന്നു. അവർ എന്റെ പ്രേമഭാജനത്തിനു വേണ്ടി തന്റെ സ്നേഹത്തിന്റെ അനന്യമായ ഓർമകളാണ് ബാക്കിവെച്ച് പോയിരിക്കുന്നത്.(ഖുത്ബാത്തെ മഹ്മൂദ്, വാല്യം 20, പേജ് 542-543)

ഈ സ്നേഹവും അനുരക്തിയും സ്മരിച്ചുകൊണ്ട് മറ്റൊരിടത്ത് അദ്ദേഹം പറയുന്നു: നോക്കുക, ആ സ്ത്രീക്ക് നബി(സ)തിരുമേനിയോടു എത്രമാത്രം സ്നേഹമായിരുന്നു. ആളുകൾ ഒന്നിന് പിറകെ മറ്റൊന്നായി പിതാവിന്റേയും സഹോദരന്റേയും ഭർത്താവിന്റേയും മരണത്തെപ്പറ്റി അവരെ അറിയിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ, അവർ ഓരോ തവണയും നബി(സ)തിരുമേനി എങ്ങനെയുണ്ടെന്ന് തന്നോടു പറയുക എന്നാണ് പറഞ്ഞുകൊണ്ടിരുന്നത്. ചുരുക്കത്തിൽ നബി(സ) തിരുമേനിയോട് ഇത്രമാത്രം സ്നേഹം പ്രകടിപ്പിച്ച ഇവരും ഒരു സ്ത്രീയായിരുന്നു.(ഖുറൂനെ ഊലാകി മുസൽമാൻ ഖാത്തീൻ ക നമൂന, അൻവാറുൽ ഉലൂം വാല്യം 25, പേജ് 440)

മറ്റൊരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതേപറ്റി കൂടുതൽ വിശദീകരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു:നിങ്ങൾ അല്പം ആ സാഹചര്യത്തിന്റെ ചിത്രം മനസ്സിലൊന്ന് സങ്കല്പിച്ചുനോക്കുക. നിങ്ങളിൽ എല്ലാവരും മരണപ്പെട്ടവരെ കണ്ടിട്ടുണ്ടാകും. അടുത്ത ഏതെങ്കിലും ബന്ധുക്കൾ മരിച്ചുപോയ ആളുകൾ. ചിലർ മാതാവിനെ ചിലർ പിതാവിനെ വേറെ ചിലർ സഹോദരി സഹോദരന്മാരെ മരിച്ചതായി കണ്ടിരിക്കും. നിങ്ങളൊന്ന് സങ്കൽപിച്ചു നോക്കുക, തങ്ങളുടെ ബന്ധുക്കളുടെ കൈകളിൽ, വീടുകളിൽ നല്ല ഭക്ഷണമുണ്ടാക്കി കഴിക്കുകയും ചികിത്സകൾ നടത്തിക്കുകയും സേവനങ്ങൾ നടത്തുകയും ചെയ്തവരുടെ അവസ്ഥ എന്തായിരിക്കം? വീടുകളിൽ എത്രമാത്രം ഖിയാമത്തിന്റെ അവസ്ഥയായിരിക്കും? മരിക്കുന്നവർക്ക് തങ്ങളുടെ മരണത്തെ പറ്റിയല്ലാതെ മറ്റൊരു ചിന്തപോലും വരുന്നതല്ല. എന്നാൽ, നബി(സ)തിരുമേനി തന്റെ സ്വഹാബാക്കളിലുണ്ടാക്കിയ സ്നേഹബന്ധം കാരണം അവർക്ക് നബി(സ)തിരുമേനിക്കു മുമ്പിൽ മറ്റൊരു കാര്യവും പ്രസക്തമായിരുന്നില്ല. ഈ സ്നേഹത്തിനു കാരണം നബി(സ)തിരുമേനി അല്ലാഹുവിന്റെ പ്രിയപ്പെട്ടവൻ ആയതുകൊണ്ടായിരുന്നു. നബി(സ)തിരുമേനി, മുഹമ്മദ് ആയതുകൊണ്ടായിരുന്നില്ല ഈ സ്നേഹം. മറിച്ച് നബി(സ)തിരുമേനി റസൂലുല്ലാഹ് ആയതുകൊണ്ടായിരുന്നു ഈ സ്നേഹമുണ്ടായത്. തുടർന്ന് ആ മഹാത്മാവ് പറയുന്നു: അവർ യഥാർഥത്തിൽ അല്ലാഹുവിൽ അനുരക്തരായിരുന്നു. മുഹമ്മദ് റസൂലല്ലായെ, അല്ലാഹു സ്നേഹിച്ചിരുന്നു. അതുകൊണ്ട് നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ നബി(സ)തിരുമേനിയെ സ്നേഹിച്ചിരുന്നു. പുരുഷന്മാർ മാത്രമല്ല, സ്ത്രീകളേയും നോക്കുക. അവർക്കും എത്രമാത്രം നബി(സ)തിരുമേനിയുടെ അസ്തിത്വത്തിനോട് സ്നേഹവും അനുരക്തിയുമായിരുന്നു. ഈ സ്നേഹമാണ് അല്ലാഹു നബി(സ)തിരുമേനിയെ സംബന്ധിച്ച് അവരുടെ ഹൃദയങ്ങളിലുണ്ടാക്കിയത്. എന്നിട്ടും അവർ അല്ലാഹുവിനെ എല്ലാ കാര്യത്തിലും മുന്തിച്ചു. ഈ തൗഹീദുതന്നെയാണ് അവർക്ക് ലോകത്ത് എല്ലായിടത്തും വിജയം നൽകിയത്. അല്ലാഹുവിനുമുന്നിൽ അവർ മാതാപിതാക്കളേയോ സഹോദരീസഹോദരന്മാരേയോ, ഭാര്യാഭർത്താക്കന്മാരേയോ പരിഗണിച്ചില്ല. അവർക്ക് മുന്നിൽ ഈ കാര്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതായത് അല്ലാഹു അവരിൽ സംപ്രീതനാകണം എന്നുമാത്രം! അതുകൊണ്ടാണ് അല്ലാഹു അവരെപറ്റി റളിയല്ലാഹു അൻഹും എന്ന് പറഞ്ഞത്. അവർ അല്ലാഹുവിനെ എല്ലാ കാര്യത്തേക്കാളും മുന്തിച്ചു. അല്ലാഹുവാകട്ടെ അവരേയും മുന്തിക്കുകയുണ്ടായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ തുടരുന്നു: പിന്നീട് മുസ്‌ലിമീങ്ങളിൽ ഈ അവസ്ഥ നിലനിന്നില്ല. ഇന്ന് അവർക്ക് അല്ലാഹുവിനോട് സ്നേഹമുണ്ടെങ്കിൽ അത് ബൗദ്ധികം മാത്രമാണ്. ബൗദ്ധികതലത്തിൽ അവർ വലിയ വലിയ ബന്ധമുണ്ടെന്ന് പറയുന്നു. ബൗദ്ധികതലത്തിൽ തീർച്ചയായും അല്ലാഹുവിനെ അംഗീകരിക്കുകയും തൗഹീദിന്റെ വക്താക്കളാകുകയും ചെയ്യുന്നുണ്ട്. പക്ഷേ, ഹൃദയത്തിലല്ല. മനസ്സ് മറ്റെവിടേയോ അള്ളിപ്പിടിച്ചിരിക്കുന്നു. നബി(സ)തിരുമേനിയെ പറ്റി അവരോടു പറയപ്പെട്ടാൽ അവരുടെ മനസ്സിലെ സ്നേഹച്ചരടുകൾ ഇളകാൻ തുടങ്ങുന്നു.(ഖുത്ബാത്തെ മഹ്മൂദ് വാല്യം 23, പേജ് 46-47) ഇതെല്ലാമുണ്ടെങ്കിലും തൗഹീദിന്റെ യഥാർഥ രൂപം ഉണ്ടാകുന്നില്ല.

ഒരു ചരിത്രകാരൻ എഴുതുന്നു: തീർച്ചയായും മദീനയിലെ പ്രയാസങ്ങൾ വളരെ വേദനാജനകമായിരുന്നു. എന്നാൽ, ഒരു പ്രയാസത്തെ നേരിടുന്നതിൽ മക്കയ്ക്കും മദീനയ്ക്കും തമ്മിൽ വളരെ വ്യത്യാസമുണ്ട്. തങ്ങളുടെ പ്രയാസങ്ങളെ നേരിടുന്നതിൽ വലിയ അന്തരമുണ്ട്. മദീനയിൽ വലിയ പ്രയാസവും അവസ്ഥകൾ ദുരിതപൂർണവുമായിരുന്നു. എന്നാൽ, മക്കയേയും മദീനയേയും താരതമ്യപ്പെടുത്തി നോക്കുക. മക്കക്കാർക്കും പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമുണ്ടായിരുന്നു. പക്ഷേ, രണ്ടും തമ്മിൽ വളരെ വലിയ വ്യത്യാസമുണ്ട്. എന്തായിരുന്നു വ്യത്യാസം. മക്കാ മുശ്‌രികീങ്ങൾക്ക് അവരുടെ പ്രയാസം ദൗർബല്യവും അസ്വസ്ഥതയും ഭയവുമാണ് നൽകിയത്. മക്കക്കാർക്ക് ബദ്റിൽ കിട്ടിയ പരാജയം ദൗർബല്യവും അസ്വസ്ഥതയും ഭയവുമാണ് സമ്മാനിച്ചത്. മദീനക്കാർക്കാകട്ടെ ഉഹുദിലെ പ്രയാസങ്ങൾ

അനുപമമായ ക്ഷമയും, വിശ്വാസവും സ്ഥൈര്യവും ധൈര്യവുമാണ് നൽകിയത്. ഉഹുദിൽ മുസ്‌ലിമീങ്ങൾക്കും വമ്പിച്ച നഷ്ടങ്ങളുണ്ടായി. എന്നാൽ, ഈ നഷ്ടം കാരണം അവർ ആർജിച്ചത് അനുപമമായ സഹനവും വിശ്വാസവീര്യവും സ്ഥൈര്യവും ധൈര്യവുമാണ്. ഉഹുദിലുണ്ടായ നഷ്ടങ്ങൾ കാരണം മദീനവാസികളിൽ ആർക്കും ഭയമോ, അസ്വസ്ഥതയോ ദൗർബല്യമോ പേരിനുപോലും ഉണ്ടായില്ല. അതിനുള്ള ഒരു വലിയ ഉദാഹരണമെന്തെന്നാൽ ഒരു മുസ്‌ലിം സ്ത്രീക്ക് ഉഹുദ് യുദ്ധത്തിൽ തന്റെ മകനേയും ഭർത്താവിനേയും സഹോദരനേയും പിതാവിനേയും നഷ്ടപ്പെട്ടിരുന്നു. അവർ അന്ധാളിക്കുകയോ ഈ പ്രയാസത്തിൽ അതിരുകൾ ലംഘിക്കുകയോ ചെയ്തില്ല. അവർ ദീനാർഗോത്രത്തിലെ സ്ത്രീയായിരുന്നു. അവർ യുദ്ധമൈതാനത്തുപോയി. തന്റെ ഭർത്താവിനേയും മകനേയും സഹോദരനേയും പിതാവിനേയും രക്തത്തിൽ കുളിച്ച് മരിച്ചുകിടക്കുന്നത് കണ്ടപ്പോൾ സ്ഥിരചിത്തത നഷ്ടപ്പെടുന്നത് പോകട്ടെ, അതിനെ പരിഗണിക്കുകപോലും ചെയ്തില്ല. അവർ ഈ നാലുപേരേക്കാളും തനിക്ക് പ്രിയങ്കരനായ വ്യക്തിയെ കുറിച്ച് അന്വേഷിക്കുകയായിരുന്നു. അത് മുഹമ്മദ് റസൂലുല്ലാഹ്(സ) ആയിരുന്നു. നബി(സ)തിരുമേനിയെ സൗഖ്യത്തിൽ കണ്ടപ്പോൾ അവർ പറഞ്ഞു: നബി(സ)തിരുമേനി സൗഖ്യത്തിലാണെങ്കിൽ അതിനുമുന്നിൽ എത്ര വലിയ പ്രയാസവും നിസ്സാരമാകുന്നു.(ഗസ്‌വയെ ഉഹുദ്, മുഹമ്മദ് അഹ്മദ് ബാശമീൽ പേജ് 237, നഫീസ് അക്കാഡമി കറാച്ചി)

ബാക്കി ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഫലസ്ത്വീനിലെ ആളുകൾക്കുവേണ്ടി ദുആ ചെയ്യുക. അല്ലാഹു അവർക്ക് എളുപ്പമുണ്ടാക്കുമാറാകട്ടെ. ശത്രുക്കൾ തങ്ങളുടെ എല്ലാത്തരം നികൃഷ്ടമായ ചിന്തകളും പ്രവർത്തികളും മുഖേന അവരെ നശിപ്പിക്കാനും ഒരുങ്ങിയിരിക്കുകയാണ്. വൻശക്തികൾ യുദ്ധം അവസാനിപ്പിക്കുന്നതിനു പകരം അതിനെ ആളിക്കത്തിക്കാൻ ശ്രമിക്കുകയാണ്. അമേരിക്കൻ പ്രസിഡണ്ട് കഴിഞ്ഞ തിങ്ങളാഴ്ച യുദ്ധം നിറുത്തണമെന്ന് പറഞ്ഞിരുന്നു. ഇപ്പോൾ പറയുന്നു, റമളാനുമുമ്പേ യുദ്ധം നിറുത്തുന്നതാണെന്ന്! അതും ആറ് ആഴ്ചത്തേക്ക് താൽക്കാലികമായി മാത്രം! ഇത് ഇസ്രായേലിന് സാവകാശം നൽകാനുള്ള ഒരു വഴിയാണ്. ഇതിനിടയിൽ അവർക്ക് വിശ്രമിക്കാൻ അവസരം കിട്ടുകയും പിന്നെ കൂടുതൽ രോഷത്തോടെ ദ്രോഹം തുടരുകയും ചെയ്യും. അല്ലാഹുവിന് മാത്രമേ അവരുടെ കൈകൾ തടയാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഒരുപാട് ദുആ ചെയ്യുക.

അതുപോലെ അവർക്ക് ഭക്ഷണവും മരുന്നും ഏത് ചാരിറ്റി മുഖേനയാണോ എത്തിക്കാൻ കഴിയുന്നത് അതെത്തിക്കാൻ അഹ്മദികൾ ശ്രമിക്കേണ്ടതാണ്. തങ്ങളുടെ പരിധിയിൽ അവർക്കുവേണ്ടി അക്രമം അവസാനിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഞാൻ നേരത്തേയും പറഞ്ഞിട്ടുള്ളതുപോലെ രാഷ്ട്രീയക്കാർക്കും കത്തുകളെഴുതിക്കൊണ്ടിരിക്കുക. നമ്മൾ ക്ഷീണിക്കാൻ പാടില്ല. നിങ്ങൾ ചെയ്യുന്നത് വലിയ അപരാധമാണെന്ന് രാഷ്ട്രീയക്കാരെ ബോധ്യപ്പെടുത്തുക.

അല്ലാഹുവിനോടു ദുആ ചെയ്യാനും തങ്ങളുടെ ആത്മീയാവസ്ഥ നന്നാക്കാനും ഫലസ്തീനികൾക്കും തൗഫീഖ് ലഭിക്കുമാറാകട്ടെ.

ഉക്രൈൻ, റഷ്യ യുദ്ധത്തിലും യൂറോപ്പും അമേരിക്കയും നേരിട്ട് ഭാഗഭാക്കാകുമെന്ന് വാർത്തകൾ വരുന്നുണ്ട്. അതുമുഖേനയും ആഗോളയുദ്ധത്തിനുള്ള അപകട സാധ്യതകൾ വർധിക്കുന്നുണ്ട്. അതിനാൽ അല്ലാഹു ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കാൻ ദുആ ചെയ്യുക. അവിടെ മുൻകരുതലെന്ന നിലക്ക് ഞാൻ നേരത്തേയും പറഞ്ഞതുപോലെ എനിക്കുമുമ്പേ ഹദ്റത്ത ഖലീഫത്തുൽ മസീഹ് റാബിഉം ആറ്റോമിക് അണുവികിരണങ്ങളിൽനിന്ന് രക്ഷപ്പെടുവാൻ മരുന്നിന്റെ കുറിപ്പടി നൽകിയിരുന്നു. അത് മതിയായതാണ്. അത് നമ്മുടെ ഹോമിയോപ്പതിക് വിഭാഗം പറഞ്ഞുതരുന്നതാണ്. അതും ചുരുങ്ങിയത് മൂന്ന് തവണയെങ്കിലും ഒരാവർത്തി വീണ്ടും എടുക്കേണ്ടതാണ്.

അതുപോലെ വീടുകളിൽ മൂന്ന് മാസത്തേക്കുള്ള ഭക്ഷണ പദാർഥങ്ങളും മറ്റും അഹ്മദികൾ കരുതേണ്ടതാണ്;പ്രത്യേകിച്ചും നേരിട്ട് യുദ്ധ ഭീഷണിയുള്ള സ്ഥലങ്ങളിൽ. യുദ്ധമുണ്ടായില്ലെങ്കിൽപോലും അതുകൊണ്ട് പ്രയോജനം തന്നെയാണുള്ളത്. ഭക്ഷണപദാർഥങ്ങളും മറ്റും സ്വരൂപിക്കുന്നവർക്ക് വിവിധ തരത്തിലുള്ള ബുദ്ധിമുട്ടുകൾ വരുമ്പോൾ അത് ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് പ്രയോജനം മാത്രമാണ് ഉണ്ടായതെന്ന് അവർ പറയുന്നു.

യമനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരുടെ മോചനത്തിന് എത്രയും വേഗം സാഹചര്യം ഉണ്ടാക്കുമാറാകട്ടെ. യമനീ പട്ടാളത്തിനും അവരുടെ ഒരു ഗ്രൂപ്പിനും അഹ്മദിയ്യാ ജമാഅത്ത് രാജ്യത്തിനെതിരെ ഗൂഢാലോചന നടത്തുന്നുവെന്ന സംശയമാണുള്ളത്. അല്ലാഹു അവരുടെസംശയമകറ്റുകയും അവർക്ക് എത്രയും വേഗം മോചനം നൽകുകയും ചെയ്യുമാറാകട്ടെ.

പുരോഗതിയുടെപേരിൽ ഭൗതികതയുടെ മാലിന്യത്തിൽ വീഴുന്നതിനുപകരം അല്ലാഹുവിനെ തിരിച്ചറിയാൻ അല്ലാഹു ലോകത്തിന് വിവേകം നല്കുമാറാകട്ടെ. മുസ്‌ലിം രാജ്യങ്ങൾക്കും നീതിയിൽനിന്നുകൊണ്ട് ഒന്നിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. നമുക്കും അല്ലാഹുവിന്റെ സന്ദേശം എല്ലാ വ്യക്തിയിലേക്കും എത്തിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ.

ഒരു ദുഃഖകരമായ വാർത്തയുമുണ്ട്. ഫതഹ്പൂർ ബനാവൽപൂർ ജില്ലയിലെ ചെക്ക് ചൗരാസി ജമാഅത്തിലെ സ്വദ്റും ഖിള്ർ ഹയാത്ത് ചീമ സാഹിബിന്റെ മകനുമായ ത്വാഹിർ ഇഖ്ബാൽ ചീമ സാഹിബിനെ കഴിഞ്ഞ ദിവസം ശഹീദാക്കിയിരിക്കുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. ത്വാഹിർ ഇഖ്ബാൽ ചീമ സാഹിബിന്റെ ശഹാദത്ത് സംഭവം ഇപ്രകാരമാകുന്നു. രണ്ട് അജ്ഞാതരായ ആളുകൾ അദ്ദേഹത്തെ മാർച്ച് 4-ന് വെടിവെച്ച് ശഹീദാക്കി. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 60 വയസ്സായിരുന്നു.

ത്വാഹിർ ഇഖ്ബാൽ ചീമ സാഹിബ് (സ്വദ്ർ ജമാഅത്ത് ചെക് 84 ഫത്പൂർ ജില്ല സഹാവൽപൂർ) സ്വുബ്ഹി നമസ്കാരത്തിനുശേഷം പതിവുപോലെ നടക്കാനിറങ്ങിയതായിരുന്നു. രണ്ട് അജ്ഞാതരായ ആളുകൾ ബൈക്കിൽ അദ്ദേഹത്തെ പിന്തുടർന്ന് വെടിവെക്കുകയാണുണ്ടായത്. അദ്ദേഹത്തിന്റെ തലയിൽ രണ്ട് വെടിയുണ്ടകൾ കൊള്ളുകയും അതുകാരണം തൽക്ഷണം ശഹീദാവുകയുമുണ്ടായി. സംഭവത്തിനുശേഷം ഘാതകർ അവിടെനിന്ന് ഓടിരക്ഷപ്പെട്ടു. പോലീസ് അജ്ഞാതരായ ആളുകളുടെ പേരിൽ കേസ് എഴുതിയിട്ടുണ്ട്. പക്ഷേ, അവിടെ ഇതേപറ്റി അന്വേഷണമൊന്നും നടക്കാറില്ല. ഏതായാലും കേസെടുത്തിട്ടുണ്ട്. ശഹീദ് മർഹൂമിന് ആരോടും ശത്രുതയോ വ്യക്തിവൈരാഗ്യമോ ഇല്ലായിരുന്നു. തന്റെ ഗ്രാമത്തിലും തൊട്ടടുത്ത പ്രദേശങ്ങളിലും അദ്ദേഹത്തിന് നല്ലപേരുണ്ടായിരുന്നു. നല്ല വ്യക്തിത്വത്തിന്റെ ഉടമയുമായിരുന്നു. മതപരമായ കാരണമല്ലാതെ അദ്ദേഹത്തിന്റെ ശഹാദത്തിന് മറ്റൊരു കാരണവും കാണാൻ കഴിയുന്നില്ല.

ശഹീദിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പ്രപിതാമഹൻ മുഹീൻഖാൻ സാഹിബിന്റെ സഹോദരൻ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ഹക്കീംദീൻ സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. ഇദ്ദേഹം 1905-ൽ സർഗോദയിലെ ചെക്ക്46 എന്ന സ്ഥലത്തുനിന്ന് ഖാദിയാനിലെത്തിയാണ് ബയ്അത്ത് ചെയ്തത്. പിന്നെ ഖാദിയാനിൽ താമസമാക്കി. തുടർന്ന് അദ്ദേഹം തന്റെ സഹോദരനേയും കുടുംബത്തിലെ മറ്റാളുകളേയും ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ ചേരാൻ ആഹ്വാനം ചെയ്തു. അങ്ങനെ ശഹീദിന്റെ പ്രപിതാമഹൻ മുഹീൻഖാൻ സാഹിബ് അടക്കം എല്ലാ സഹോദരന്മാരും കത്ത് മുഖേന ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്ത് സ്വീകരിച്ചു. പിന്നീട് ഈ കുടുംബം ബഹാവൽപൂർ ചെക് 84 എന്ന സ്ഥലത്തേക്ക് മാറുകയുണ്ടായി.

ശഹീദ് മർഹൂം 1964-ൽ ബഹാവൽപൂർ ചെക്ക് 84 ലിലാണ് ജനിച്ചത്. മെട്രിക് വരെ അവിടെത്തന്നെ വിദ്യാഭ്യാസം കരസ്ഥമാക്കി. കൃഷിപ്പണിയിൽ ഭാഗഭാക്കായി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ വസിയ്യത്ത് പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. ശഹാദത്ത് സമയത്ത് സ്വദ്ർ ജമാഅത്ത് എന്ന നിലയിൽ സേവനത്തിന് തൗഫീഖ് കിട്ടിക്കൊണ്ടിരുന്നു. അതിനുമുമ്പേ മാൽ സെക്രട്ടറി, സയീം അൻസ്വാറുല്ലാഹ് എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിരുന്നു.

ചന്ദകൾ കൊടുക്കുന്നതിലും നമസ്കാരം നോമ്പ് തുടങ്ങിയവയിലും തഹജ്ജുദ് നമസ്കാരത്തിലും അതീവശ്രദ്ധയും കൃത്യനിഷ്ഠയുമുണ്ടായിരുന്നു. യാത്രാവേളകളിലും നമസ്കാരത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഖിലാഫത്തിനോട് നല്ല സ്നേഹബന്ധമായിരുന്നു. എന്റെ ഖുത്ബകൾ കൃത്യമായി കേട്ടിരുന്നു. വീട്ടിൽ എല്ലാവരോടും ഖുത്ബ കേട്ടോ എന്ന് അന്വേഷിക്കുകയും ചെയ്യുമായിരുന്നു. ശഹാദത്ത് വേളയിൽ തന്റെ എല്ലാ നിർബന്ധ ചന്ദകളും ഹിസ്സ ജാഇദാദ് കണക്കുകളും പൂർത്തിയാക്കിയിരുന്നു. ജമാഅത്തിലെ അതിഥികളെ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവരെ സ്വന്തം വീട്ടിൽ സൽക്കരിക്കാൻ ആഗ്രഹിച്ചിരുന്നു. ജമാഅത്തുപരമായ നിലക്കല്ല, സ്വന്തം നിലക്ക്.

അവിടെ ഖബ്ർസ്ഥാനുള്ള സംവിധാനവും ചെയ്യുകയുണ്ടായി. പാക്കിസ്താനിൽ ഖബ്റുകളുടെ കാര്യത്തിലും പ്രശ്നമുണ്ട്. എല്ലാ ദിവസ

## • കലാമുൽ ഇമാം •

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)

## • കലാമുൽ ഇമാം •

'അല്ലയോ എന്റെ ബൈഅത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരേ അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ. 825)



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

വും ഏതെങ്കിലും ദ്രോഹി അല്ലെങ്കിൽ സംഘം ഖബ്ർസ്താനിലെ ശിലാഫലകങ്ങൾ പൊളിച്ചു മാറ്റുന്നു. അദ്ദേഹം നമ്മുടെ ഖബ്ർസ്താനുള്ള ഏർപ്പാട് ചെയ്തിരുന്നു. ഖബർസ്താൻ നിരീക്ഷിക്കുകയും അതിന്റെ അറ്റകുറ്റപ്പണികൾ ചെയ്തിരുന്നു. അവിടെ ഇതും വലിയൊരു ജോലിയാണ്.

ഗ്രാമത്തിലെ അധികമാളുകളും അദ്ദേഹത്തിന്റെ പക്കലാണ് തങ്ങളുടെ അമാനത്തുകൾ സൂക്ഷിക്കാൻ ഏൽപ്പിച്ചിരുന്നത്. അവരിൽ അനഹ്മദികളും ഉൾപ്പെടുന്നു. അതായത് അഹ്മദികളിലെ അവർക്ക് വിശ്വാസമുള്ളൂ. അതോടൊപ്പം ശത്രുതയും കാണിച്ചിരുന്നു. അവരുടെ ഈ രീതിയും കൗതുകകരമാണ്. നല്ലയാളുകൾ തന്നെയാണ് അമാനത്തുകൾ സൂക്ഷിക്കാൻ ഏല്പിച്ചിരുന്നത്. എന്നിട്ടും മറ്റുള്ളവർക്ക് ബുദ്ധിവരുന്നില്ല.

അദ്ദേഹത്തിന്റെ ഭാര്യ കിശ്വർ നാഹേദ് സാഹിബ പറയുന്നു: എന്റെ ഭർത്താവ് എന്നോട് വാത്സല്യത്തോടെയാണ് പെരുമാറിയിരുന്നത്. വീട്ടിൽ നമസ്കാരത്തിന്റേയും കാലത്തിന്റെ ഖലീഫയുടെ ഖുത്ബകൾ കേൾക്കുന്നതിന്റേയും കണക്കെടുത്തിരുന്നു. എന്റെ ബന്ധുക്കളോടും എപ്പോഴും സ്വന്തക്കാരോടെന്നപോലെയും സൗഹൃദപരവുമായിട്ടുമാണ് പെരുമാറിയിരുന്നത്.

ശഹീദ് മർഹൂമിന്റെ മകൾ മദീന ത്വാഹിർ പറയുന്നു: ജമാഅത്തിന്റെ സേവനത്തിൽ എപ്പോഴും മുൻപന്തിയിലുണ്ടായിരുന്നു. അനുസരണശീലം പ്രകടമായിരുന്നു. ഖിലാഫത്തിനോട് അദമ്യമായ ആദരവും വിശ്വാസവുമായിരുന്നു. ധൈര്യവാനും നിർഭയനുമായ അഹ്മദിയായിരുന്നു. മക്കളോട് എപ്പോഴും സൗഹൃദബന്ധമായിരുന്നു. ബഹാവൽപൂർ ജില്ല അമീർ സാഹിബും ബഹാവൽപൂർ ജില്ലാ മുറബ്ബി ഇൻചാർജും മറ്റു ഭാരവാഹികളും മർഹൂമിനെ നല്ലപോലെ ശ്ലാഘിച്ചെഴുതിയിട്ടുണ്ട്.

എല്ലാവരേയും സ്നേഹിക്കുന്ന വ്യക്തിയായിരുന്നു. സൃഷ്ടിസേവനത്തിൽ മുഴുകിയ ആളായിരുന്നു. അതിഥിസൽക്കാരം അദ്ദേഹത്തിന്റെ പ്രത്യേക ഗുണമായിരുന്നു. കേന്ദ്രപ്രതിനിധികളോടും ജീവിതം വഖ്ഫ് ചെയ്തവരോടും സ്വന്തമെന്നപോലെയുള്ള ബന്ധമായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ രണ്ട് ആൺമക്കളും ഒരു മകളുമുണ്ട്.

ഒരു മകൻ ലുഖ്മാൻ അഹ്മദ് ജർമനിയിൽ കുടുംബസമേതം താമസിക്കുന്നു. മകൾ മദീഹത്വാഹിർ ഇവിടെ യു.കെയിലാണ്. മറ്റൊരു മകൻ സൽമാൻ ത്വാഹിർ അദ്ദേഹത്തോടൊപ്പം ഇവിടെ കൃഷിപ്പണികൾ ചെയ്തിരുന്നു.

അല്ലാഹു ശഹീദിന്റെ പദവികളുയർത്തുകയും അദ്ദേഹത്തോടു കരുണയോടും പൊറുമയോടും വർത്തിക്കുകയും ചെയ്യുമാറാകട്ടെ. എല്ലാ സന്തപ്ത കുടുംബാംഗങ്ങൾക്കും സ്വബ്റെജമീൽ നൽകുമാറാകട്ടെ. അവർക്ക് അദ്ദേഹത്തിന്റെ നന്മകൾ തുടരുന്നതിന് തൗഫീഖ് നൽകുമാറാകട്ടെ. നമസ്കാരത്തിനുശേഷം ഇൻശാഅല്ലാഹ് ജനാസ നമസ്കരിപ്പിക്കുന്നതാണ്.

---

( പേജ് 1 ൽനിന്ന്)

ധരിക്കണമെന്നും നല്ല പാദരക്ഷ ഇടണമെന്നും സുന്ദരനാകണമെന്നും മനുഷ്യൻ ആഗ്രഹിക്കുന്നു. ഇത് ഏതു വകുപ്പിലാണ് വരുന്നത്? നബി(സ) തിരുമേനി പറഞ്ഞു:ഇതു അഹങ്കാരമല്ല. അവിടന്ന് പറഞ്ഞു:അല്ലാഹുതന്നെ സൗന്ദര്യവാനാണ്. സൗന്ദര്യം അവനിഷ്ടപ്പെടുന്നു. അവിടന്ന് പറഞ്ഞു: മനുഷ്യൻ സത്യത്തെ നിഷേധിക്കുന്നതാണ് അഹങ്കാരം. ആളുകളെ നിന്ദ്യരായി മനസ്സിലാക്കുന്നതും അവരെ നിന്ദാദൃഷ്ടിയോടെ നോക്കുന്നതും അവരോടു മോശമായി പെരുമാറുന്നതുമാണ് അഹങ്കാരം. അതുകൊണ്ട് പെരുന്നാൾ ദിവസം നല്ല വസ്ത്രം ധരിക്കുന്നതും സുഗന്ധം പൂശുന്നതുമെ ല്ലാം അല്ലാഹുവിനിഷ്ടപ്പെട്ടതാണ്. പക്ഷേ, അവയെ അഹങ്കാരത്തിന്റേയും അഹംഭാവത്തിന്റേയും മാർഗമാക്കുന്നതാണ് അല്ലാഹുവിനിഷ്ടപ്പെടാത്തത്.

ഈ ആയത്തുകളിൽ ആ കാര്യങ്ങളെ കുറിച്ച് പറഞ്ഞതിനുശേഷം അവസാനം പറഞ്ഞത് അല്ലാഹു ഒരു അഹങ്കാരിയേയും അഹംഭാവിയേയും ഇഷ്ടപ്പെടുന്നില്ലെന്നാണ്. ഇക്കാര്യങ്ങളിൽ അല്ലാഹുവിനോടുള്ള കടമയുമുണ്ട്. അവനെ ആരാധിക്കുക. അവനെ ആരാധിക്കുക എന്നതും അവനോടു ഒന്നിനേയും പങ്കുചേർക്കാതിരിക്കുക എന്നതും അല്ലാഹുവിന്റെ അവകാശമാണെന്നതിൽ സംശയമില്ല. പക്ഷേ, അതിന്റെ ഗുണം മനുഷ്യനാണ്. അല്ലാഹുവിന് അതകൊണ്ടുള്ള നേട്ടമെന്താണെന്ന് ആളുകൾ ചോദിക്കാറുണ്ട്. അതുകൊണ്ട് അല്ലാഹുവിന് ഒരു നേട്ടവുമില്ല. അല്ലാഹു ഒരിടത്തു പറഞ്ഞു:മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം ആരാധനയാണ്. അത് അല്ലാഹുവിന് എന്തെങ്കിലും നേട്ടമുള്ളതുകൊണ്ടല്ല. അല്ലാഹു നമ്മുടെ ഉന്നമനത്തിനുവേണ്ടി, നമ്മെ അനുഗ്രഹിക്കുന്നതിനുവേണ്ടി, നമ്മുടെ പരിഷ്കരണത്തിനുവേണ്ടി ആരാധനകളിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചു. നമ്മെ തിന്മകളിൽനിന്ന് തടയുന്നതിന് ആരാധന കൽപ്പിച്ചു. നമസ്കരിക്കാൻ കൽപ്പിച്ചു. ഒരിടത്ത് പറഞ്ഞു:ഇന്നസ്സ്വലാത്ത തൻഹാ അനിൽഫഹ്ശാഇ വൽമുൻകറി വലദിക്റുല്ലാഹി അക്ബർ (29:46)നീചകൃത്യങ്ങളേയും നിഷിദ്ധകർമങ്ങളേയും നിശ്ചയമായും നമസ്കാരം തടയുന്നതാണ്. തീർച്ചയായും അല്ലാഹുവിന്റെ സ്മരണ അതിമഹത്തരമാണ്.

അതുകൊണ്ട് നമസ്കാരത്തിന്റേയും ആരാധനയുടേയും ദൈവസ്മരണയുടേയും ഗുണം നമുക്കാണുള്ളത്. അല്ലാഹു നമുക്കതിന് പകരം നല്കുന്നു. പ്രതിഫലം നല്കുന്നു. ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. ഒരാൾ നബി(സ)തിരുമേനിയോടു പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ!സ്വർഗത്തിൽ എന്നെ കൊണ്ടുപോകുകയും തീയിൽനിന്ന് അകറ്റിനിറുത്തുകയും ചെയ്യുന്ന ഏതെങ്കിലും കർമം എനിക്കു പറഞ്ഞു തന്നാലും. നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹുവിനെ ആരാധിക്കുക. അവനോടൊപ്പം ആരേയും പങ്കുചേർക്കാതിരിക്കുക. നമസ്കരിക്കുക. സക്കാത്ത് കൊടുക്കുക. കുടുംബബന്ധം പുലർത്തുക. അതായത് കുടുംബബന്ധുക്കളോടു ഇഷ്ടത്തോടും സ്നേഹത്തോടും കൂടി പെരുമാറുക. എന്നിട്ട് നോക്കുക, അല്ലാഹു എങ്ങനെയാണ് അനുഗ്രഹിക്കുന്നതെന്ന്! ഈ ലോകത്തും അനുഗ്രഹിച്ചുകൊണ്ടിരുന്നു. അടുത്ത ലോകത്തും സ്വർഗത്തിന്റെ സുവാർത്ത അറിയിച്ചുകൊണ്ടിരിക്കുന്നു.

മറ്റൊരു നിവേദനത്തിൽവരുന്നു, നബി(സ)തിരുമേനി പറഞ്ഞു:ആരാണോ അല്ലാഹുവിനുവേണ്ടി മാത്രം രണ്ടു പെരുന്നാളുകളുടെ രാത്രിയിൽ ആരാധനകൾ നിർവഹിക്കുന്നത് അവന്റെ മനസ്സ് എന്നെന്നേക്കുമായി ജീവിപ്പിക്കുന്നതായിരിക്കും. എത്രവലിയ സുവാർത്തയാണിത്. അല്ലാഹുവിനുവേണ്ടി ആരാധനാകർമങ്ങൾ നിർവഹിക്കുന്നതുകൊണ്ട് എന്നെന്നേക്കുമായി സമ്മാനം കിട്ടിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് പെരുന്നാളെന്നാൽ സന്തോഷങ്ങൾ ആഘോഷിക്കുന്നതിന്റെ പേരുമാത്രമല്ല. പ്രത്യുത അതിന്റെ രാത്രികളെ ആരാധനകൾകൊണ്ട് ജീവിപ്പിക്കുന്നതിന്റെ പേരുമാണ്. ഇതുമുഖേന എന്നെന്നേക്കുമായി ആത്മീയജീവിതം കരസ്ഥമാകുന്നു. റമളാൻ അവസാനിച്ചു ഇനി സുഖമായി ഉറങ്ങാമെന്ന് കരുതുന്നവർ എവിടെയാണ് ഇടയത്താഴത്തിന് എഴുന്നേറ്റിരുന്നത്? എവിടെയാണ് രണ്ടു നഫ്ൽ നമസ്കരിച്ചിരുന്നത്? പെരുന്നാൾ ദിവസം ചിലർ എന്നല്ല ഒരുപാടാളുകൾ സ്വുബ്ഹി നമസ്കാരത്തിനെഴുന്നേൽക്കുന്നതിലും മടി കാണിക്കുന്നു. രോഗത്തെ, കോവിഡിനെ തന്ത്രമാക്കാതിരിക്കേണ്ടതാണ്. സ്വുബ്ഹി നമസ്കാരത്തിന് മസ്ജിദിൽ വരിക. പെരുന്നാൾ ദിവസം ഹാജർ നില കുറവായിരുന്നെങ്കിൽ എവിടെയാണോ ഇന്ന് ഈദുള്ളത് അവർ നാളേയും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. എവിടെയാണോ നാളെ പെരുന്നാളുള്ളത് അവർ നാളെ ഈ കുറവ് നികത്തേണ്ടതാണ്. അതായത് നമസ്കാരത്തിൽ ഹാജരാകുക. ഇല്ലെങ്കിൽ കുറഞ്ഞപക്ഷം വീടുകളിൽ എഴുന്നേറ്റ് കുട്ടികളോടൊപ്പം ജമാഅത്തായി നമസ്കരിക്കുക. കഴിയുന്നത്ര വീടുകളിൽ ജമാഅത്തോടുകൂടി നമസ്കരിക്കാൻ ഏർപാടു ചെയ്യുക. പ്രത്യേകമായ ഏർപാടോടുകൂടി ഭംഗിയായ നിലയിൽ കഴിഞ്ഞ ഖുത്ബകളിൽ ഞാൻ പറഞ്ഞതുപോലെ ഭംഗിയായി നമസ്കരിക്കുക. റമളാൻ അവസാനിക്കുന്നതും ഇന്ന് പെരുന്നാളാഘോഷിക്കുന്നതും നമ്മെ നമ്മുടെ ആരാധനാകർമങ്ങളിൽനിന്ന് വിടുതൽ നല്കുന്നതിനും കുറവുവരുത്തുന്നതിനും പൂർണമായും ഏർപാടു ചെയ്യാതിരിക്കുന്നതിനുമുള്ള അനുവാദപത്രമാണെന്ന് മനസ്സിലാക്കരുത്. ഈ ആരാധനാകർമങ്ങൾതന്നെയാണ് നമ്മുടെ ഭൗതികവും ആത്മീയവുമായ ജീവിതത്തിൽ അല്ലാഹുവിന്റെ ഫള്ലുകൾക്ക് അവകാശികളാകുന്നതിന് ജാമ്യമായിത്തീരുന്നത്.(ഈദുൽ ഫിത്വ്ർ പെരുന്നാൾ ഖുത്ബ, ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്, 2-5-2022)




**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ ജർമൻപര്യടനം(ജൂൺ 2014)

വിവ: മൗലവി അമീൻ മുഹമ്മദ്, മാത്ര

**2014 ജൂൺ 2, തിങ്കളാഴ്ച:**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽഅസീസ് ജർമൻ പര്യടനത്തിന് പുറപ്പെടാൻ രാവിലെ 09.45-ന് താമസസ്ഥലത്തുനിന്ന് പുറത്തുവന്നു.

രാവിലെ മുതൽത്തന്നെ ജമാഅത്തിലെ വലിയൊരു വിഭാഗമാളുകൾ മസ്ജിദ് ഫള്ലിന്റെ മുറ്റത്ത് ഒത്തുകൂടിയിരുന്നു. ഹുദൂർ കുറച്ചു സമയം അവർക്കിടയിൽ കഴിച്ചുകൂട്ടി. എല്ലാവരും പ്രിയപ്പെട്ട ഹുദൂറിനെ കണ്ട് സന്തോഷിച്ചു. അഹ്മദിയ്യാ ജമാഅത്ത് ബ്രിട്ടൻ അമീർ ബഹുമാനപ്പെട്ട റഫീഖ് അഹ്മദ് ഹയാത്ത് സാഹിബ് ഹുദൂറിൽ നിന്ന് ഹസ്തദാനം സ്വീകരിച്ചു. ശേഷം ഹുദൂർ ദുആക്ക് നേതൃത്വം നല്കി. നാലു വാഹനങ്ങളിൽ ഹുദൂറിന്റെ യാത്രാ സംഘം ബ്രിട്ടീഷ് പോർട്ടായ ഡോവറിലേക്ക് പുറപ്പെട്ടു.

ബ്രിട്ടനിലും പരിസര പ്രദേശങ്ങളിലും താമസിക്കുന്നവർ പൊതുവെ യൂറോപ്പ് യാത്രക്കായി തിരഞ്ഞെടുക്കുന്ന പോർട്ടാണിത്. ഡോവറിലേക്ക് പോകുന്ന വഴിയിൽ 11 മൈലിനു മുമ്പേ ഒരു പ്രസിദ്ധ ചാനൽടണലുണ്ട്. സമുദ്രാന്തർഭാഗത്തുകൂടി ബ്രിട്ടന്റേയും ഫ്രാൻസിന്റേയും തീരങ്ങളെ ബന്ധിപ്പിച്ചിരിക്കുന്ന ടണലാണിത്. ഈ ടണൽ മുഖേന കാറുകളും മറ്റു വാഹനങ്ങളും ഫ്രാൻസ് പോർട്ടായ ക്ലൈസുവരെയെത്തിക്കുന്നു. ഈ ടണലിലൂടെയാണ് ഇന്ന് ഹുദൂർ അയ്യദഹുല്ലാഹ് യാത്ര ചെയ്യുന്നത്.

ലണ്ടനൽനിന്ന് യൂ.കെ. നാഇബ് അമീർ ബഹുമാനപ്പെട്ട മൻസ്വൂർ അഹ്മദ് ശാഹ് സാഹിബ്, യു.കെ. മുബല്ലിഗ് ഇൻചാർജ് ബഹുമാനപ്പെട്ട അത്വാഉൽമുജീബ് റാശിദ് സാഹിബ്, അഡീഷണൽ വക്കീലുൽ തസ്നീഫ് ലണ്ടൻ ബഹുമാനപ്പെട്ട മുനീറുദ്ദീൻ ശംസ് സാഹിബ്, സ്വദ്ർ മജ്ലിസ് അൻസ്വാറുല്ലാഹ് യൂ.കെ. ബഹുമാനപ്പെട്ട സയ്യിദ് വസീം അഹ്മദ് സാഹിബ്, പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യാ യൂ.കെ. മിർസാ നാസിർ ഇനാം സാഹിബ്, പ്രൈവറ്റ് സെക്രട്ടറി ഓഫീസിൽനിന്ന് ബഹുമാനപ്പെട്ട ളുഹൂർ അഹ്മദ് സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യാ മുഹ്തമിം ഉമൂമി ബഹുമാനപ്പെട്ട ഇംറാൻ ളഫ്ർ സാഹിബ് പ്രത്യേക സെക്യൂരിറ്റി വിഭാഗത്തിൽനിന്ന് ബഹുമാനപ്പെട്ട മഹ്മൂദ് അഹ്മദ് ഖാൻ സാഹിബ് തുടങ്ങിയവരും ഖുദ്ദാമിന്റെ സെക്യൂരിറ്റി ടീം അടങ്ങുന്ന സംഘവും ചാനൽടണൽവരെ ഹുദൂറിനെ അനുഗമിച്ചിരുന്നു.

ഏകദേശം ഒന്നര മണിക്കൂർ യാത്രക്കുശേഷം 12.15-ന് ചാനൽടണലിലെത്തി. ലണ്ടനിൽ നിന്ന് അനുഗമിച്ചവർ ഹുദൂറിന് യാത്രയയപ്പ് നല്കി. എമിഗ്രേഷൻ പ്രവർത്തനങ്ങളും യാത്രാ സംബന്ധമായ നടപടി ക്രമങ്ങളും പൂർത്തിയാക്കി. വാഹനങ്ങൾ ബോർഡിംഗ് ചെയ്യപ്പെട്ടു. രണ്ട് നിലകളുള്ള ഈ ട്രെയിനിന്റെ ഉള്ളിൽ ഒരേസമയം 180 കാറുകൾക്ക് യാത്രക്കാരോടൊപ്പം ബോർഡ് ചെയ്യാൻ സാധിക്കും. യാത്രാ സംഘത്തിലെ വാഹനങ്ങൾ ആദ്യത്തെ നിലയിൽ ബോർഡ് ചെയ്യപ്പെടുന്നു.

01.20-ന് ട്രെയിൻ 140 കിലോമീറ്റൽ വേഗത്തിൽ ഫ്രാൻസിലെ ക്ലൈസ് തുറമുഖത്തേക്ക് പുറപ്പെട്ടു. ഈ ടണലിന്റെ ആകെ നീളം 31 മൈലാണ്. ഇതിൽ 24 മൈലും സമുദ്രാന്തർഭാഗത്തു കൂടിയാണ് കടന്നു പോകുന്നത്. ഈ ടണലിന്റെ ഏറ്റവും ആഴമുള്ള സമുദ്രാന്തർഭാഗം സമനിരപ്പിൽനിന്നും 75 മീറ്റർ ആഴത്തിലാണ്; 250 അടി. സമുദ്രാന്തർഭാഗത്ത് നിർമിതമാകുന്ന ഇതുവരെയുള്ള ടണലിൽവച്ച് ഏറ്റവും നീളം കൂടിയതാണ് ഇത്.

ഏകദേശം 35 മിനുറ്റ് യാത്രക്കുശേഷം ഫ്രാൻസിന്റെ പ്രാദേശിക സമയം 02.55-ന് ട്രെയിൻ ക്ലൈസ് തുറമുഖത്തെത്തി. ഫ്രാൻസിന്റെ പ്രാദേശിക സമയം ബ്രിട്ടീഷ് സമയത്തേക്കാൾ ഒരു മണിക്കൂർ മുന്നിലാണ്. 5 മിനിറ്റിനുള്ളിൽ വാഹനങ്ങൾ പുറത്തുവരികയും മോട്ടർ വേയിൽ യാത്ര ആരംഭിക്കുകയും ചെയ്തു.

ഏകദേശം 06.00 കിലോമീറ്റർ ദൂരത്ത് സ്ഥിതി ചെയ്യുന്ന ചെമിൻവേർട്ട് പ്രദേശത്തിലെ കോർട്ടേപൈലെ റെസ്റ്റോറന്റിൽ പ്രോഗ്രാം അനുസരിച്ച് എത്തിച്ചേർന്നു. ജർമനി ജമാഅത്തിൽ നിന്നുവന്ന സംഘം ഹുദൂറിനെ സ്വീകരിച്ചു. ഉച്ചഭക്ഷണത്തിന്റെ സംവിധാനവും ളുഹ്ർ-അസ്ർ നമസ്കാരത്തിനുള്ള ഏർപ്പാടും ഇവിടെ ഒരുക്കിയിരുന്നു.

ജർമൻ ജമാഅത്തിന്റെ ഖുദ്ദാം സെക്യരിറ്റി വിഭാഗം പാർക്കിംഗ് ഏരിയയിലേക്ക് ഹുദൂറിന്റെ യാത്രാ സംഘത്തെ ആനയിച്ചു. അഹ്മദിയ്യാ ജമാഅത്ത് ജർമനി അമീർ ബഹുമാനപ്പെട്ട അബ്ദുല്ലാഹ് വാഗസ് ഹൗസർ സാഹിബ്, മുബല്ലിഗ് ഇൻചാർജ് ജർമനി ബഹുമാനപ്പെട്ട ഹൈദർ അലി ളഫ്ർ സാഹിബ്, നാഷണൽ ജനറൽ സെക്രട്ടറി ബഹുമാനപ്പെട്ട മുഹമ്മദ് ഇൽയാസ് മജൂക്ക സാഹിബ്, അസിസ്റ്റന്റ് ജനറൽ സെക്രട്ടറി ബഹുമാനപ്പെട്ട യഹ്യാ സാഹിദ് സാഹിബ്, സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ജർമനി ബഹുമാനപ്പെട്ട ഹസനാത്ത് അഹ്മദ് സാഹിബ്, ബഹുമാനപ്പെട്ട അബ്ദുല്ലാഹ് സുപ്രാ സാഹിബ്, ബഹുമാനപ്പെട്ട ഡോക്ടർ മുഹമ്മദ് അത്ഹർ സുബയ്ർ സാഹിബ്, ഇൻചാർജ് സെക്യൂരിറ്റി വിഭാഗം ബഹുമാനപ്പെട്ട ഫയ്സാൻ അഹ്മദ് സാഹിബ് തന്റെ ഖുദ്ദാം സെക്യൂരിറ്റി ടീമിനോടൊപ്പവും അമീറുൽമുഅ്മിനീനെ വരവേറ്റു. ഹുദൂർ എല്ലാവരേയും ഹസ്തദാനം ചെയ്തു.

ഉച്ചഭക്ഷണത്തിനുശേഷം 04.00 മണിക്ക് ഹുദൂറിന്റെ നേതൃത്വത്തിൽ റെസ്റ്റോറന്റിന്റെ മുറ്റത്ത് ളുഹ്ർ-അസ്ർ നമസ്കാരങ്ങൾ ജംഅ് ജമാഅത്തായി നിർവഹിച്ചു. തുടർന്ന് സാവോ ടോമോ രാജ്യത്ത് നടത്തിയ യാത്രാ വിവരണം ബഹുമാനപ്പെട്ട ഡോക്ടർ മുഹമ്മദ് അത്ഹർ സുബയ്ർ സാഹിബിൽനിന്ന് കേട്ട ഹുദൂർ അവിടെ നടക്കുന്ന ഹ്യൂമാനിറ്റി ഫസ്റ്റിന്റെ പ്രവർത്തനങ്ങളെ കുറിച്ചും അന്വേഷിച്ചു. കൂടാതെ വിവിധ വിഷയങ്ങളെ കുറിച്ച് ജർമൻ അമീർ സാഹിബിൽനിന്ന് ചോദിച്ചറിയുകയും ചെയ്തു.

04.20-ന് ഇവിടെനിന്ന് യാത്ര പുറപ്പെട്ട ഹുദൂറും സംഘവും 31 കിലോമീറ്റർ യാത്രക്കുശേഷം ഫ്രാൻസ് ബോർഡർ ക്രോസ് ചെയ്ത് ബെൽജിയം രാജ്യത്തിന്റെ അതിർത്തിയിൽ പ്രവേശിച്ചു. 308 കിലോമീറ്റർ ബെൽജിയത്തിലൂടെയുള്ള യാത്രക്കുശേഷം ബോർഡർ ക്രോസ് ചെയ്ത് ജർമൻ അതിർത്തിയിൽ പ്രവേശിച്ചു. 265 കിലേമീറ്റർ യാത്രക്കുശേഷം ഏകദേശം 09.40ന് ഹുദൂർ ഫ്രാങ്ഫർട്ടിലെ ബയ്ത്തുസ്സുബൂഹ് മർക്കസിലെത്തിച്ചേർന്നു.

വാഹനത്തിൽനിന്ന് ഹുദൂർ പുറത്തുവന്നതും ഫ്രാങ്ഫർട്ടിൽനിന്നും മറ്റു ജർമൻ ജമാഅത്തുകളിൽ നിന്നും സ്വീകരിക്കാനെത്തിയ ധാരാളം അഹ്മദികൾ ഹുദൂറിനെ വരവേറ്റു. വിവിധ വർണങ്ങളിലുള്ള വസ്ത്രം ധരിച്ചിരുന്ന ആൺകുട്ടികളും പെൺകുട്ടികളും പ്രാർഥനാ ഗീതങ്ങളോടെ ഹുദൂറിനെ സ്വീകരിച്ചു. നാലുഭാഗത്തുനിന്നും ഉയർന്നു കൊണ്ടിരുന്ന കൈകൾക്കിടയിൽ ആവേശോജ്വലമായ മുദ്രാവാക്യങ്ങളും അന്തരീക്ഷത്തിൽ മുഖരിതമായി. ഫ്രാങ്ഫർട്ട് തദ്ദേശ അമീർ ബഹുമാനപ്പെട്ട ഇദ്‌രീസ് അഹ്മദ് സാഹിബ്, മുബല്ലിഗ് ബഹുമാനപ്പെട്ട മുബാറക്ക് അഹ്മദ് സാഹിബ്, ബയ്ത്തു സ്സുബൂഹ് ജാഇദാദ് വിഭാഗം ബഹുമാനപ്പെട്ട അബ്ദുസ്സമീഅ് സാഹിബ് തുടങ്ങിയവർ ഹുദൂറിനെ വരവേറ്റു. ഹുദൂർ എല്ലാവരേയും ഹസ്തദാനം ചെയ്തു.

ബയ്ത്തുസ്സുബൂഹ് പരിസരം പ്രാർഥനാ ഗീതങ്ങളാലും സ്വാഗത ഗാനങ്ങളാലും തക്ബീർ ധ്വനികളാലും മുഖരിതമായി. ഒരു ഭാഗത്ത് സ്ത്രീകളും കുട്ടികളും തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറിനെ ദർശിച്ച് സായൂജ്യരായി. ഹുദൂറിനെ സ്വീകരിക്കാൻ വന്ന ഈ ജനാവലി ഫ്രാങ്ഫർട്ട് ജമാഅത്തിനെ കൂടാതെ താഴെ പറയുന്ന ജമാഅത്തുകളിൽ നിന്നും വന്നവരാണ്. വീസ് ബാഡെൻ, ഡാംസ്റ്റെഡ്റ്റ്, ഹനാഉ, ഓഫൻബാച്ച്, ഫ്രൈഡ്ബെർഗ്, ഡീറ്റ്സെൺ ബാച്ച്, ബാഡ് വിൽബെൽ, കാർബെൻ, ടൗണസ്, ഗ്രോസ് ജെറൌ, ഡീബർഗ്, ന്യൂ ഇസ്ഫെൻബെർഗ്, ഡ്രീഷ്, ലാൻഗെൻ, നിഡ്ഡ, റോഡ്ഗാവു, അപ്പെൽഹെയിം.

ഈഡൽബെർഗ് ജമാഅത്തിൽനിന്ന് വന്നവർ 145 കിലോമീറ്ററും കാസ്സലിൽനിന്നു വന്നവർ 170 ഉം കോളിൽനിന്നു വന്നവർ 500 കിലോമീറ്ററും ദൂരം യാത്ര ചെയ്താണ് തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറിനെ വരവേൽക്കാനെത്തിയത്. 1500-ലധികം പേർ ഇവിടെ ഒരുമിച്ചുകൂടിയിരുന്നു.

ഹുദൂർ കൈകളുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാ പറഞ്ഞു.

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**

**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് ധൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!' (മൽഫൂദാത്ത് വാല്യം 3, പേജ് 38)**



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

ഇരുവരികളായിനിന്ന അഹ്മദികൾക്കിടയിലൂടെ നടന്നു നീങ്ങിയ ഹുദൂർ താമസ സ്ഥലത്തേക്ക് പോയി.

09.55-ന് മഗ്‌രിബ്-ഇശാ ജംഅ് ജമാഅത്തായി നമസ്കരിച്ചതിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങിപ്പോയി. ഹുദൂറിന്റെ പിന്നിൽ നമസ്കാരങ്ങൾ നിർവഹിച്ച് സായൂജ്യരായ അഹ്മദികളെക്കൊണ്ട് മസ്ജിദും പരിസരവും നിറഞ്ഞു കവിഞ്ഞിരുന്നു. ധാരാളംപേർ മസ്ജിദിന്റെ മുറ്റത്തും നമസ്കരിച്ചിരുന്നു. ഇവരിൽ നല്ലൊരു വിഭാഗം ഈ വർഷം പാക്കിസ്താനിൽനിന്ന് ഇവിടെ എത്തിച്ചേർന്നവരായിരുന്നു. ജീവിതത്തിൽ ആദ്യമായി അവർ ഹുദൂറിന്റെ പിന്നിൽ നമസ്കരിച്ചു. തങ്ങൾക്ക് ലഭിച്ച ഈ സൗഭാഗ്യത്തിൽ സീമാതീതമായ നിലയിൽ അവർ സന്തോഷത്തിലായിരുന്നു. അല്ലാഹുവിന് ശുക്ർ ചെയ്തുകൊണ്ട് അവർ സുജൂദുകൾ ചെയ്തു. വർഷങ്ങളായി അവർ സഹിച്ചുവന്ന ദാഹം ഹുദൂറിനെ ദർശിച്ച് ശമിപ്പിക്കുകയായിരുന്നു. അവർ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ അടുത്തുനിന്ന് ദർശിച്ചു. ഈ അനുഭവങ്ങളും സൗഭാഗ്യങ്ങളും അവർക്കും നമുക്കെല്ലാവർക്കും അല്ലാഹു അനുഗ്യഹീതമാക്കുമാറാകട്ടെ.. ആമീൻ.

**2014 ജൂൺ 03 ചൊവ്വാഴ്ച:**

രാവിലെ 04.20-ന് ഹുദൂർ മസ്ജിദ് ബയ്ത്തുസ്സുബൂഹിൽ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. ശേഷം താമസസ്ഥലത്തെത്തിയ ഹുദൂർ ഓഫീസ് സംബന്ധമായ ജോലികളിൽ മുഴുകി.

**വ്യക്തിപരവും കുടുംബപരവുമായ കൂടിക്കാഴ്ചകൾ**

രാവിലെ 11.40-ന് ഹുദൂർ ഓഫീസിലെത്തി. വ്യക്തിപരവും കുടുംബപരവുമായ കൂടിക്കാഴ്ചകൾക്ക് തുടക്കം കുറിച്ചു. രാവിലെ നടന്ന ഈ സെഷനിൽ 25 കുടുംബത്തിൽനിന്നുള്ള 90 അംഗങ്ങളും 50 പേർ വ്യക്തിപരമായും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ആകെ 140 പേരാണ് പങ്കെടുത്തത്. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ഹുദൂർ ചോക്ലേറ്റും നല്കി. ജർമനിയിലെ താഴെ പറയുന്ന 51 വിവിധ നഗരങ്ങളിലോ ജമാഅത്തുകളിലോ നിന്ന് ദീർഘദൂരം യാത്ര ചെയ്താണ് അവർ ഇവിടെ എത്തിയത്.

ലാഹിർ, ബാഡ് സോഡെൻ, ബാബൻ ഹൗസെൻ, കോളൻ, കാൾവ്, ഫുൽഡ, ന്യൂഹോഫ്, ഗ്രോസ് ഗെരൗ, ഫ്രാങ്കിതാൽ, ബ്രഷ്സൽ, ബൊച്ചോൾട്ട്, വീസ്ബാഡെൻ, ഓഫെൻ ബാച്ച്, വാബെൻ, മാൻഹെയിം, ഈച്ച് വോംസ്, ഡ്രെസ്ഡെൻ, ഗിൻഷെയിം, മുൻസ്റ്റെർ, ഫ്രീഡ്ബെർഗ്, മെയിന്റാൽ, ഹനോവർ, മോർഫെൽഡൻ, ഐസർലോൺ. ഡാംസ്റ്റെഡ്റ്റ്, ഔഫ് എസ്ക്, വേഴ്സ്ബർഗ്, റസ്സൾഷെയിം, ബ്രെമെൻ, സ്റ്റട്ട് ഗാർട്ട്.

കൂടിക്കാഴ്ചകളുടെ ഈ പരിപാടി ഉച്ചകഴിഞ്ഞ് 01.40-വരെ നീണ്ടു നിന്നു.

**ആമീൻ പരിപാടി**

തുടർന്ന് മസ്ജിദിൽ വന്ന ഹുദൂർ ആമീൻ പരിപാടിയും നടത്തി. താഴെ ചേർക്കുന്ന ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന 25 പേരിൽനിന്ന് ഓരോ വചനങ്ങൾ ഹുദൂർ ഓതിക്കേട്ടു. അസീസം ജാദിബ് മഹ്മൂദ്, കരീം അബ്ദുല്ലാഹ് ഖാൻ, അർഹം മലിക്ക്, റാനാ ശാസിൽ അഹ്മദ്, ഹംസാ അഹ്മദ് ശകൂർ, ഖാഖാൻ അഹ്മദ് ചൗദ്രി, നസ്വർ അഹ്മദ് സോളങ്കി, ഫാരിസ് അഹ്മദ്, മൂസാ ത്വാരിഖ് കാഹ് ലോൺ, മആസ് അഹമദ് ചൗദ്രി.

അസീസ പൽവാഷ അഹ്മദ്, കാഷിഫാ അഹ്മദ്, സ്വബീഹാ മഹ്മൂദ്, ബാരിആ അംജദ്, ആയിസാ അഹ്മദ്, അസീസാ ലാ റൈബ് അൻവാർ, ശമാഇലാ അഹ്മദ് ബട്ട്, മസ്കാൻ ഹമീദ്, ലായിബാ സിദ്ദീഖി, സായിറാ ളിയാ, സാനിയാ അലീഷാ അഹമദ്, ജാനീഖാ അഹ്മദ്, തൻസീലാ ശാഹ്, മശ്അലെ മിർസാ, അറൂബാ ആഫിരീൻ റായേ.

പരിപാടിയുടെ അവസാനം ഹുദൂറിന്റെ നേതൃത്വത്തില് ദുആ ചെയ്തു. തുടർന്ന് ളുഹർ-അസ്വ്ർ നമസ്കാരങ്ങൾ ജംഅ് ജമാഅത്തായി നമസ്കരിച്ചു.

**ജനാസാ നമസ്കാരം**

തുടർന്ന് ഒരു ജർമൻ അഹ്മദി മൂസാ പീറ്റർ ഫ്ളെച്ച്നർ സാഹിബിന്റെ ജനാസ നമസ്കാരത്തിനഹുദൂർ നേതൃത്വം നല്കി. 26 വർഷം മുമ്പേ തായ്‌ലൻഡിൽവച്ച് ഒരു അഹ്മദിയുടെ മകളെ ഇദ്ദേഹം വിവാഹം കഴിച്ചു. ഭാര്യാപിതാവിന്റെ തബ്ലീഗിനെ തുടർന്ന് ഇദ്ദേഹം ബയ്അത്ത് ചെയ്തു. പിന്നീട് ജർമനിയിൽവന്നതിനുശേഷം ജമാഅത്തുമായുള്ള ബന്ധം നിലനിറുത്തി. വിവിധ സ്ഥലങ്ങളിൽ ജമാഅത്തിന് സേവനങ്ങൾ ചെയ്തുപോന്നു. അഹ്മദിയ്യത്തിൽ ഉറച്ചു നിന്നു. 2014 ജൂൺ 01-ന് അദ്ദേഹം വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

തുടർന്ന് ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി. വൈകുന്നേരം 06.00 മണിക്ക് ഹുദൂർ ഓഫീസിൽ വന്നു. പ്രസ് ആന്റ് മീഡിയാ ഓഫീസ് ലണ്ടൻ ഇൻചാർജ് ബഹുമാനപ്പെട്ട വഹീദ് അഹ്മദ് ഖാൻ സാഹിബ് ഓഫീസ് സംബന്ധമായ കൂടിക്കാഴ്ച ഹുദൂറുമായി നടത്തി. ചില കാര്യങ്ങളെ സംബന്ധിച്ച് ഹുദൂറിൽ നിന്ന് മാർഗദർശനം കരസ്ഥമാക്കി.

**കൂടിക്കാഴ്ചകൾ**

വൈകുന്നേരം നടന്ന കൂടിക്കാഴ്ചയ്ക്ക് ഹുദൂർ ആരംഭം കുറിച്ചു. ഈ സെഷനിൽ 38 കുടുംബത്തിൽനിന്നുള്ള 150 പേരും വ്യക്തിപരമായി 55 പേരും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹുദൂർ പേനകൾ നല്കി. ഓരോരുത്തരും ഹുദൂറുമൊത്ത് ഫോട്ടോയും എടുത്തു. ഇന്ന് രാവിലേയും വൈകുന്നേരവും നടന്ന കൂടിക്കാഴ്ചകളിൽ പങ്കെടുത്ത കുടുംബങ്ങളിലധികം പേർക്കും ജീവിതത്തിൽ ആദ്യമായാണ് ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കുള്ള സൗഭാഗ്യം കിട്ടിയത്. പാക്കിസ്താനിൽ തദ്ദേശീയരാൽ ക്രൂരമർദനങ്ങൾക്ക് വിധേയരാകുകയും തുടർന്ന് നാടും വീടും പ്രിയപ്പെട്ടവരേയുമെല്ലാം വിട്ടെറിഞ്ഞ് വന്നവരാണ് ഇവരിൽ സിംഹ ഭാഗവും. ഇന്നത്തെ ദിവസം നിസ്സീമമായ അനുഗ്രഹങ്ങൾ അവർ തങ്ങളുടെ ജീവിതത്തിൽ സ്വരുക്കൂട്ടുകയായിരുന്നു. അവരുടെ വികാരങ്ങൾ വിവരണാതീതമായിരുന്നു. കൂടിക്കാഴ്ചയിൽ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ ദർശിച്ചും സാമീപ്യം നേടിയും അവർ തങ്ങളുടെ കഷ്ടപ്പാടുകൾക്ക് നിവാരണം കണ്ടു. മനഃസമാധാനത്തിന്റെ അശ്രുക്കൾ പൊഴിച്ചും മന്ദസ്മിത മുഖങ്ങളോടുംകൂടിയും അവർ പുറത്തുവന്നു. അവരുടെ പ്രയാസങ്ങൾ മനഃശ്ശാന്തിയിലേക്ക് വഴിമാറി. ദർശന ദാഹം ശമിച്ചു. ഈ അനുഗ്യഹീത നിമിഷങ്ങൾ അവർക്ക് ശ്വാശ്വത ദാഹശമനം വരുത്തി. ഈ സായൂജ്യങ്ങൾ അവർക്കെല്ലാവർക്കും അനുഗ്യഹീതമായിരിക്കട്ടെ. അവരുടെ വരും തലമുറകളും ഇതിൽനിന്ന് ഫലമെടുക്കുമാറാകട്ടെ. ആമീൻ.

ഈ കൂടിക്കാഴ്ചാപ്രോഗ്രാം 08.30-വരെ നീണ്ടു നിന്നു. ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

**ആമീൻ പരിപാടി**

09.25ന് ഹുദൂർ അൻവർ മസ്ജിദ് ഹാളിൽ ആമീൻ പരിപാടിക്ക് തുടക്കമിട്ടു. ഹുദൂർ അൻവർ താഴെ പറയുന്ന 26 ആൺകുട്ടികളിൽനിന്നും പെൺകുട്ടികളിൽനിന്നും ഓരോ വചനം കേട്ടു. ഒടുവിൽ ദുആക്ക് നേതൃത്വം നല്കി.

അസീസ സജൽറശീദ്, അനീശ അഅ്വാൻ, ഹായിഫ യൂസുഫ്, ആഇശ ത്വാരിഖ്, റുമാനാ നദീം, സ്വാലിഹാ മലിക്ക്, ഥംരീൻ മലിക്ക്, മദീഹാ മലിക്ക്, ഉള്വുമാ മലിക്ക്, ഖൻസയെ മഹ്മൂദ്, അയ്ശാ മാഹെ നൂർ ഖാൻ, നൗറീൻ ഇഖ്ബാൽ, ഹദീഖ അഹ്മദ്, അത്വിയ്യത്തുൽ ബസ്വീർ, ശാഫിയാ ളഹീർ.

അസീസം ഫയ്സൽ ഹസ്നാൻ അഹ്മദ്, ശാഹ്സേബ് തൻവീർ, മുനീബ് മലിക്ക് സജീൽ ളഫ്ർ, വാസ്വിഫ് കാംറാൻ, സർമദ് അഹ്മദ് ഖോഖർ, അദ്നാൻ അഹ്മദ്, ഇൻതിസ്വാർ അഹ്മദ്, സഫീർ ളഹീർ, മലിക്ക് സഫീർ അഹ്മദ്, റായെ റാഫിഅ് അഹ്മദ്.

ആമീൻ പരിപാടിക്കുശേഷം 09.45-ന് മഗ്‌രിബ്-ഇശാ നമസ്കാരങ്ങൾ ജംഅ് ജമാഅത്തായിട്ട് നമസ്കരിച്ചു. തുടർന്ന് ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

**2014 ജൂൺ 05 ബുധനാഴ്ച:**

രാവിലെ 04.20-ന് ഹുദൂർ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. രാവിലെ ഹുദൂർ ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ വ്യാപൃതനായി. വിവിധ രാജ്യങ്ങളിൽനിന്നുവന്ന ഫാക്സുകളും മെയിലുകളും റിപ്പോർട്ടുകളും പരിശോധിച്ചു. വേണ്ടുന്ന മാർഗനിർദേശങ്ങൾ നല്കി.

ഉച്ചകഴിഞ്ഞ് 02.00 മണിക്ക് ഹുദൂർ ളുഹർ-അസ്വ്ർ നമസ്കാരങ്ങൾക്ക് നേതൃത്വം നല്കി. ഉച്ചകഴിഞ്ഞും ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങളിൽ മുഴുകി.

**കുടുംബപരമായ കൂടിക്കാഴ്ചകൾ**

06.30ന് ഹുദൂർ ഓഫീസിൽവന്നു. 40 കുടുംബങ്ങളിൽ നിന്നുള്ള 141 ആളുകളും വ്യക്തിപരമായി 53 പേരും ഈ സെഷനിൽ കൂടിക്കാഴ്ച നടത്തി. ആകെ 194 പേരാണ് കൂടിക്കാഴ്ച നടത്തിയത്. ഫ്രാങ്ഫർട്ട് ജമാഅത്ത് കൂടാതെ ചുവടെ ചേർക്കുന്ന മറ്റു ജമാഅത്തുളിൽ നിന്നു വന്നവരും

**• ഹദീഥുന്നബ്‌വി(സ) •**

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

ത്വാലിബെ ദുആ:
RAHMAN SHAKEErR& FAMILY
AHMADIYYA JAMA'ATH KARULAI, KERALA

**• കലാമുൽ ഇമാം: •**

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)

ത്വാലിബെ ദുആ:
C.K.MUHAMMED SHAREEF &FAMILY
AHMADIYYA MUSLIM JAMA'ATH VANIYAMBALAM, KERALA

ഇന്ന് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

ലിംബർഗ്, ബാഡ്, ക്രൂസ്നാക്ക്, ലൂഡ്വിഗ്ഷാഫെൻ, ഒൽപെ, മാൻഹെയിം, കാൾവ്, എൽവാംങ്കൻ, ഹെർഫോർഡ്, പാഡെർബോൺ, ട്രെയിർ, ഫ്രാങ്കെന്താൽ, ഗൊഡെലൌ, ഐസർലോൺ, സോഡൻ നിഡ്ഡ, റോഡ്ഗൗ, നൗശയയിം, വെറ്റർ, ബോർക്കൻ.

ഗ്രാസ് കേരാവോ, കാസിൽ, സ്റ്റഡ്ഗാർഡ്, വീസ്ബാദൻ, നാസിർബാഗ്, ബർഖസാൽ, ഒസ്നാബ്രൂക്ക്, ഡാർമസ്റ്റഡ്. ആകെ 58 ജമാഅത്തുകൾ. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു. എല്ലാവർക്കും കുറച്ചു സമയം പ്രിയപ്പെട്ട ഇമാമിന്റെ സാമീപ്യത്തിൽ കഴിച്ചു കൂട്ടാനും സാധിച്ചു. ആ അനുഗൃഹീത നിമിഷങ്ങളിലെ അനുഗ്രഹങ്ങൾ അവർ സ്വരുക്കൂട്ടി. രോഗികൾ സുഖം പ്രാപിക്കാനുള്ള ദുആ കരസ്ഥമാക്കി. വിവിധ പ്രശ്നങ്ങളിലും കഷ്ടപ്പാടിലും ഉഴലുന്നവർ അത് നീങ്ങിപ്പോകുന്നതിന് ദുആക്കപേക്ഷിച്ചു. ശാന്തമായ ഹൃദയങ്ങളോടെ അവരെല്ലാം സുസ്മേര വദനരായി പുറത്തുവന്നു. ചിലർ വിവിധ പ്രശ്നങ്ങളിൽ മാർഗനിർദേശം കരസ്ഥമാക്കി. വിദ്യാർഥി വിദ്യാർഥിനികൾ വിദ്യാഭ്യാസ സംബന്ധമായ രംഗങ്ങളിൽ വിജയപ്രാപ്തിക്കായി തങ്ങളുടെ പ്രിയപ്പെട്ട ഇമാമിൽ നിന്ന് ദുആ നേടി. എല്ലാവരും പ്രിയങ്കരനായ നേതാവിന്റെ ദുആകളിൽ ഭാഗഭാക്കായി. ഓരോ വിഷമവും വേദനയും മനഃശ്ശാന്തിയിലേക്ക് മാറി.

ഹുദൂർ വാത്സല്യപൂർവം വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി.

ഈ കൂടിക്കാഴ്ച 08.30-വരെ നീണ്ടു നിന്നു. അതുകഴിഞ്ഞ് 09.25-ന് അമീറുൽമുഅ്മിനീൻ മസ്ജിദ് ഹാളിലെത്തി.

**ആമീൻ പരിപാടി**

ഇന്നത്തെ ആമീൻ പരിപാടിയിൽ സൗഭാഗ്യരായ 25 കുട്ടികളാണ് പങ്കെടുത്തത്. ഇവരിൽ ആൺകുട്ടികളും പെൺകുട്ടികളും പെടുന്നു. പങ്കെടുത്തവരുടെ പേര് താഴെ ചേർക്കുന്നു. ഹുദൂർ അയ്യദഹുല്ലാഹ് ഇവരിൽനിന്ന് വിശുദ്ധ ഖുർആനിലെ ഓരോ ആയത്ത് കേൾക്കുകയുണ്ടായി.

അസീസം വലീദ് അഹ്മദ്, ഫാറൂഖ് അഹ്മദ്, ബാസിൽ അഹ്മദ്, മുസ്ത്വഫാ ചീമ, ആസിം സമീർ നാസ്, അഹ്മദ് തൻസീൽ റളാ, നുഅ്മാൻ മുബശ്ശിർ, തബാറക് അഹ്മദ്, ജാദിബ് അഹ്മദ് ഖലീൽ, ദാനിയാൽ അഹ്മദ് ചൗദരി, അൻസ്വർ അഹ്മദ്, മീക്കാഈൽ അദ്നാൻ കലീം, മസ്റൂർ സർമദ് അഹ്മദ്, അസീസ് ശീറാസ്, മുനീബ് അഹ്മദ്, യാസിർ അഹ്മദ്.

അസീസ സബീക്ക മസ്കാൻ, സബീക്ക റായേ, താശിഖ കരീം, ഖൗല മലിക്ക്, നാഇല സലാമത്ത് ശേഖ്, നയീമാ അശ്റഫ്, അയ്മൻ ഫാത്വിമാ നൂൻ, മാദ്റാ ത്വാരിഖ്, ജാദിബ ഹാമിദ്.

ആമീൻ പരിപാടിക്കുശേഷം ഹുദൂറിന്റെ നേതൃത്വത്തിൽ മഗ്രിബ്-ഇശാ നമസ്കാരം ജംആയി നമസ്കരിച്ചു. തുടർന്ന് ഹുദൂർ താമസസ്ഥലത്തേക്കുമടങ്ങി.

**2014 ജൂൺ 06, ബുധനാഴ്ച:**

രാവിലെ 04.20-ന് ഹുദൂർ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി. രാവിലെ ഹുദൂർ ഓഫീസ് സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ഓഫീസ് സംബന്ധമായ മറ്റുകാര്യങ്ങളിലും ഹുദൂർ വ്യാപൃതനായി.

**ജുമുഅ ഖുത്ബ:**

ഇന്നത്തെ ജുമുഅ നമസ്കാരത്തിന്റെ സംവിധാനം ഫ്രാങ്ഫർട്ടിലെ ബയ്ത്തുസ്സുബൂഹ് മസ്ജിദിൽനിന്ന് അഞ്ച് മിനുറ്റ് യാത്രാ ദൂരത്തുള്ള കാല്ബാച്ച് സ്പോർട്സ് ആൻഡ് റിക്രിയേഷൻ സെന്ററിലാണ് ഒരുക്കപ്പെട്ടിരുന്നത്. ഇതൊരു പ്രവിശാലമായ കോംപ്ലക്സാണ്. ഇതിലെ ഏറ്റവും വലിയ ഹാൾ മറകെട്ടി രണ്ടായി തിരിച്ച് ഒരു ഭാഗം പുരുഷന്മാർക്കും ഒരു ഭാഗം സ്ത്രീകൾക്കും വേണ്ടി തയ്യാറാക്കിയിരുന്നു. ജർമനിയിലെ വിവിധ ജമാഅത്തുകളിൽനിന്ന് ആബാലവൃന്ദം സ്ത്രീകളും കുട്ടികളും ഹുദൂറിന്റെ പിന്നിൽ ജുമുഅ നമസ്കരിക്കാൻ വരവ് തുടങ്ങിയിരുന്നു. കൂടാതെ ഫ്രാങ്ഫർട്ടിലെ മറ്റു ഹൽഖകളിൽനിന്നും പ്രദേശങ്ങളിൽനിന്നുമുള്ളവരും പ്രിയപ്പെട്ട ഇമാമിനെ പിന്തുടർന്ന് നമസ്കരിക്കാൻ എത്തിയിരുന്നു.

ഫുൽഡാ, കോബ്ളെൻസ് എന്നീ ജമാഅത്തുകളിൽനിന്നു വന്നവർ 125 കിലോമീറ്ററും കോളിനിൽ നിന്നുവന്നവർ 190 കിലോമീറ്ററും കാസലിൽനിന്നുള്ളവർ 196 കിലോമീറ്ററും സ്റ്റട്ട് ഗാർട്ടിൽനിന്നുള്ളവർ 220 കിലോമീറ്ററും ദൂരം താണ്ടിയാണ് ഇവിടെയെത്തിയത്. സ്റ്റൈഡിലിൽനിന്നു വന്നവർ 400 കിലോമീറ്ററും ബ്രെമ്മനിൽനിന്നുള്ളവർ 450 കിലോമീറ്ററും ഹംബർഗിൽനിന്നുള്ളവർ 550 കിലോമീറ്ററും ബെർലിനിൽ നിന്നുള്ളവർ 558 കിലോമീറ്ററും യാത്ര ചെയ്ത് ഇവിടെയെത്തി.

തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ പിന്നിൽ നമസ്കരിച്ച് സായൂജ്യരാകുക എന്ന ഒരേയൊരു വികാര വായ്പ്പോടെയാണ് അയ്യായിരത്തിലധികം വരുന്ന ജമാഅത്തംഗങ്ങൾ ഫ്രാങ്ഫർട്ടിൽ എത്തിയത്. ഉച്ചകഴിഞ്ഞ് 02.00 മണിക്ക് ഹുദൂർ ഹാളിലെത്തുകയും ജുമുഅ ഖുത്ബ നിർവഹിക്കുകയും ചെയ്തു.

03.05-വരെ ജുമുഅ ഖുത്ബ നീണ്ടുനിന്നു. തുടർന്ന് ജുമുഅ നമസ്കാരവും അസ്ർ നമസ്കാരവും ജംഅ്-ജമാഅത്തായി നമസ്കരിച്ചു. ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.ഇന്നത്തെ ജുമുഅ ഖുത്ബ ഇവിടെനിന്ന് എം.ടി.എ ഇന്റർനാഷണൽ മുഖേന ആഗോളതലത്തിൽ തൽസമയ സംപ്രേഷണം ചെയ്യപ്പെട്ടു. ജുമുഅ ഖുത്ബയുടെ ജർമൻ തർജമ പ്രാദേശിക തലത്തിലും കേൾപ്പിക്കാൻ സംവിധാനെ ചെയ്തിരുന്നു.

**വ്യക്തിപരവും കുടുംബപരവുമായ കൂടിക്കാഴ്ചകൾ**

06.55-ന് ഹുദൂർ ഓഫീസിൽ വന്നു. കൂടിക്കാഴ്ചകളാരംഭിച്ചു. 38 കുടുംബങ്ങളിൽനിന്നുള്ള 129 അംഗങ്ങളും 46 പേർ വ്യക്തിഗതമായും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ആകെ 177 പേർ. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു.

ഫ്രാങ്ഫർട്ടിനെ കൂടാതെ ജർമനിയിലെ 49 ജമാഅത്തുകളിൽനിന്ന് വന്നവർ ഇന്ന് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി. ഹുദൂറിനോടോപ്പം ഏതാനും നിമിഷങ്ങൾ കഴിച്ചുകൂട്ടാനും ഈ ഉപഹാരങ്ങൾ കരസ്ഥമാക്കാനും സാധിച്ച ഈ കുട്ടികളെത്ര ഭാഗ്യവാന്മാരും ഭാഗ്യവതികളുമാണ്. ഹുദൂറുമൊത്ത് എടുത്ത ഫോട്ടോകളും ചെലവഴിച്ച ഓരോ നിമിഷങ്ങളും ഓരോ കുടുംബത്തിനും നിധികളാണ്. ഭാവിതലമുറകളും അനുഗൃഹീത നിമിഷങ്ങളെ മൂല്യവത്തായി മനസ്സിലാക്കും. ഫോട്ടോകൾ സൂക്ഷിക്കുകയും ആദരവോടെ അതിനെ കാണുകയും ചെയ്യും. ഈ നിർവൃതി അല്ലാഹു എല്ലാവർക്കും അനുഗൃഹീതമാക്കുമാറാകട്ടെ.

അതുകഴിഞ്ഞ് ഹുദൂർ യു.കെ ജാമിഅ അഹ്മദിയ്യാ ദർജഃ ശാഹിദ് വിദ്യാർഥിയുടെ വലീമാ പരിപാടിയിൽ പങ്കെടുക്കാൻ പുറപ്പെട്ടു. ബയ്ത്തുസ്സുബൂഹിലെ ഒരു ഹാളിലാണ് ഈ പരിപാടി നടന്നത്. 09.45ന് മഗ്രിബ്-ഇശാ നമസ്കാരങ്ങൾ ജംഅ് ജമാഅത്തായി നിരവ്വഹിക്കപ്പെട്ടു. പിന്നീട് ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

**2014 ജൂൺ 07 ശനിയാഴ്ച:**

ഹുദൂർ രാവിലെ 04.20-ന് സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. രാവിലെതന്നെ ഓഫീസ് സംബന്ധമായ കത്തുകൾ പരിശോധിച്ചു. വിവിധ രാജ്യങ്ങളിൽനിന്നും ജമാഅത്തുകളിൽനിന്നും വന്ന കത്തുകളും റിപ്പോർട്ടുകളും ഫാക്സുകളും പരിശോധിച്ചു. ഓരോ കത്തിലും മാർഗദർശനങ്ങളെ ഴുതുകയും ഒപ്പിടുകയും ചെയ്തു.

ദിനേന ഖാദിയാൻ, റബ്വ, ലണ്ടൻ കേന്ദ്രങ്ങളിൽനിന്നുള്ള കത്തുകൾ ഇവിടെയെത്തുന്നു. ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്ന് നേരിട്ടും കത്തുകൾ വരുന്നു. വന്നുടനെതന്നെ ഹുദൂർ അവ പരിശോധിക്കുകയും മാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നു.

**വ്യക്തിപരവും കുടുംബപരവുമായ കൂടിക്കാഴ്ചകൾ:**

ഉച്ചകഴിഞ്ഞ് 01-മണിക്ക് ഹുദൂർ ഓഫീസിൽവന്നു. കുടുംബപരമായ കൂടിക്കാഴ്ചകളാരംഭിച്ചു. ഇന്നത്തെ ഈ മധ്യാഹ്ന സെഷനിൽ 10 കുടുംബങ്ങളിലെ 31 പേരും 48 പേർ വ്യക്തിഗതമായും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. എല്ലാവർക്കും ഹുദൂറുമായി ഫോട്ടോ എടുക്കാനും ഉപഹാരങ്ങൾ സ്വീകരിക്കാനും ഭാഗ്യം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും വാത്സല്യത്തോടെ ഹുദൂർ നല്കി. 02.15-ന് അവസാനിച്ച ഈ സെഷനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

ഫ്രീഡ്ബെർഗിലെ മസ്ജിദ് ദാറുൽഅമാൻ ഉദ്ഘാടന ദിവസമായിരുന്നു ഇന്ന്. വൈകുന്നേരം 05.00 മണിക്ക് ഹുദൂർ താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. സമൂഹദുആക്ക് ഹുദൂർ നേതൃത്വം നല്കിയതിനുശേഷം യാത്രാ സംഘം ബയ്ത്തുസ്സുബൂഹിലേക്ക് യാത്രയായി.

ഫ്രീഡ്ബെർഗ് ഇവിടെ നിന്ന് 19 കിലോമീറ്റർ ദൂരെയാണ്. ഏകദേശം 20 മിനുറ്റ് യാത്രക്കുശേഷം ഹുദൂർ ഇവിടെയെത്തി.

പ്രാദേശിക ജമാഅത്തിലെ ആബാലവൃന്ദം സ്ത്രീ-പുരുഷന്മാരും നാളുകളായി തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറിനെ സ്വീകരിക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു. വളരെ മനോഹരമായി ആ പ്രദേശത്തെ അലങ്കരിച്ചിരുന്നു. അവർക്ക് ഇന്നത്തെ ദിനം പെരുന്നാളിനെക്കാൾ ഒട്ടും കുറഞ്ഞതായിരുന്നില്ല. പ്രിയപ്പെട്ട ഹുദൂറിന്റെ അനുഗൃഹീത പാദങ്ങൾ രണ്ടാംതവണയാണ് ഈ മണ്ണിൽ പതിയുന്നത്. 2012 മെയ് 29-ന് ഹുദൂർ ഇവിടെ മസ്ജിദ് ദാറുൽഅമാനിന്റെ തറക്കല്ലിട്ടു. ഇന്ന് അതേ മസ്ജിദിന്റെ ഉദ്ഘാടനം നടക്കുകയാണ്. എല്ലാവരും സീമാതീതമായ സന്തോഷത്തിലാണ്. ഹുദൂറിന്റെ വാഹനം എത്തിയതും ജമാഅത്തംഗങ്ങൾ വമ്പിച്ച ആവേശത്താൽ അത്യുച്ചത്തിൽ മുദ്രാവാക്യം മുഴക്കി. ആൺകുട്ടികളും പെൺകുട്ടികളും ഗ്രൂപ്പുകളായി പ്രാർഥനാ ഗീതങ്ങളും സ്വാഗത ഗാനങ്ങളും ആലപിച്ചു. ഹൃദയാത്മനാ അവരെല്ലാംവരും അഹ്ലൻ വ്വ സഹ്ലൻവ്വ വമർഹബാ ഉറക്കെ പറഞ്ഞുകൊണ്ട് ഹുദൂറിനെ വരവേറ്റു.

വാഹനത്തിൽനിന്ന് ഹുദൂർ പുറത്തു വന്നതും തദ്ദേശ ജമാഅത്ത് സ്വദ്ർ ഡോക്ടർ വഹീദ് അഹ്മദ് സാഹിബ്, റീജ്യണൽ അമീൽ മുസഫ്ഫർ അഹ്മദ് ളഫർ സാഹിബ്, ജർമനി മുബല്ലിഗ് ഇൻചാർജ് ഹയ്ദർ അലി സാഹിബ് ളഫർ എന്നിവർ ചേർന്ന് സ്വീകരിച്ചു. ഹുദൂറിൽനിന്ന് ഹസ്തദാനം സ്വീകരിച്ചു.

തദ്ദേശ കൗൺസിലറും മേയറിന്റെ പ്രതിനിധിയുമായ മിസ്റ്റർ പീറ്റർ സീബാർത്ത്, കൗണ്ടി കമ്മീഷണർ മിസ്റ്റർ ജോച്ചിം ആർണോൾഡ്,

മുൻ നിയമമന്ത്രി മിസ്റ്റർ ജോർഗ് ഉവെ ഹാഹൻ, സംസ്ഥാന അസംബ്ലി മെമ്പർ മിസ്റ്റർ തൊബായിസ് ഉട്ടർ, സംസ്ഥാന അസംബ്ലി അംഗം മിസ്റ്റർ കൊർറാഡോ ഡി ബെൻഡേറ്റോ എന്നിവരും ഹുദൂറിനെ വരവേറ്റു. ഹുദൂർ എല്ലാവർക്കും ഹസ്തദാനം ചെയ്തു.

**മസ്ജിദ് ദാറുൽ അമാന്റെ ഉദ്ഘാടനം:**

ഹുദൂർ ദാറുൽ അമാൻ മസ്ജിദിന്റെ പുറംഭിത്തിയിൽ സ്ഥാപിച്ച ഫലകം അനാച്ഛാദനം ചെയ്ത് ദുആക്ക് നേതൃത്വം നല്കി. പിന്നീട് മസ്ജിദിൽ പ്രവേശിച്ചു. ളുഹ്ർ- അസ്ർ നമസ്കാരങ്ങൾ ഹുദൂറിന്റെ ഇമാമത്തിൽ ജംഅ് ജമാഅത്തായി നിർവഹിച്ചു. ഇതോടെ മസ്ജിദിന്റെ ഉദ്ഘാടനം നടന്നു. തുടർന്ന് മസ്ജിദ് മുറ്റത്ത് ഹുദൂർ അക്റൂട്ടിന്റെ ചെടി നട്ടു. ഈയവസരത്തിൽ മേയറിന്റെ പ്രതിനിധി സീബാർത്ത് സാഹിബും ജില്ലാ അഡ്മിനിസ്ട്രേറ്റർ ജോച്ചിം ആർനോൾഡ് സാഹിബും ഹുദൂറിനോടൊപ്പം ചേർന്നു.

**മസ്ജിദ് ദാറുൽ അമാൻ ഉദ്ഘാടനം**

*പ്രത്യേക പരിപാടി:*

മസ്ജിദിന്റെ പരിസരത്ത് നാട്ടിയിരുന്ന പന്തലിലേക്ക് നീങ്ങിയ ഹുദൂർ വേദിയിൽ ഉപവിഷ്ടരായി. അതിഥികൾ മുമ്പേതന്നെ സദസ്സിൽ ഹാജരായിരുന്നു. 166 ജർമൻ അതിഥികൾ ഇതിൽ പങ്കെടുത്തു. സംസ്ഥാന അസംബ്ലിയിലെ 2 അംഗങ്ങളും 3 മേയർമാരും കൗണ്ടി കമ്മീഷണർമാരും രാഷ്ട്രീയ രംഗത്തുള്ള 16 പേരും 13 സാംസ്കാരിക സംഘടനകളുടെ പ്രതിനിധികളും 17 പ്രഫസർമാരും അധ്യാപകരും ഒരു പാതിരിയും ഇവരിലുണ്ട്. കൂടാതെ ഡോക്ടർമാർ, വക്കീലുമാർ, പോലീസുകാർ ജീവിതത്തിന്റെ നാനാ തുറകളുമായി ബന്ധപ്പെട്ട അതിഥികളും ഇവരിൽപെടുന്നു. ഇലക്ട്രോണിക് പ്രിന്റ്മീഡിയയുമായി ബന്ധമുള്ള ടീ.വി. എച്ച് ആർ പ്രതിനിധികൾ, ഫാസ്, ല്യൂ, പ്രെസ്സെ, വെറ്റേറൌർ സൈത്തുംഗ് പത്രങ്ങളുടെ പ്രതിനിധികളും ജേർണലിസ്റ്റുകളും പങ്കെടുത്തു.

യൂ. കെ. ജാമിഅ അഹ്മദിയ്യാ വിദ്യാർഥി അസീസം മർവാൻഗുൽ സാഹിബിന്റെ തിലാവത്തോടുകൂടി പരിപാടിക്ക് ആരംഭമായി. ജർമൻ തർജമ ഡോക്ടർ മിർസാ നുഅ്മാൻ അഹ്മദ് സാഹിബും ഉർദു തർജമ ആസിം റാശിദ് കാഹ്ലോൺ സാഹിബും സമർപ്പിച്ചു.

**അമീർ സാഹിബ് ജർമനിയുടെ ആമുഖഭാഷണം**

ജർമൻ അമീർ സാഹിബ് തന്റെ ഭാഷണം പ്രദേശത്തെ പരിചയപ്പെടുത്തിക്കൊണ്ട് ആരംഭിച്ചു. അദ്ദേഹം പറയുന്നു:ഫ്രീഡ്ബെർഗ് നഗരം 7 പ്രദേശങ്ങളായി വിഭജിതമാണ്. ഫ്രാങ്ഫർട്ടിൽ നിന്നു 30 കിലോമീറ്റർ ദൂരത്ത് സ്ഥിതിചെയ്യുന്ന ഹെസ്സൻ സംസ്ഥാനത്തിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഇവിടുത്തെ ജനസംഖ്യ 30000 ആണ്.

ഈ പട്ടണത്തിന് റോമൻ ഭരണകാലത്ത് സൈനികമായി പ്രാധാന്യം ലഭിച്ചിരുന്നു. പട്ടണത്തിൽ സ്ഥിതിചെയ്യുന്ന മലമുകളിൽ റോമൻ മിലിട്ടറി ക്യാമ്പും കോട്ടയും സ്ഥാപിക്കപ്പെട്ടു. മധ്യ കാലഘട്ടത്തിൽ ഈ പട്ടണപ്രദേശം വ്യാപാരരംഗത്തും സുപ്രധാന പങ്കു വഹിച്ചിരുന്നു. ഇന്നും ഈ പട്ടണം വെട്ടേറൌ ജില്ലയുടെ സാമൂഹിക കേന്ദ്രമാണ്. 56 മീറ്റർ ഉയരമുള്ള അഡോൾഫ് ടവർ ഈ പട്ടണത്തിന്റെ ചിഹ്നമാണ്.

ഫ്രീഡ്ബെർഗ് ജമാഅത്ത് 1990-ൽ സ്ഥാപിതമായി. ഇതിന്റെ ആദ്യ പ്രസിഡന്റ് ബഹുമാനപ്പെട്ട മിർസാ നയീം അഹ്മദ് സാഹിബായിരുന്നു. 2006-ൽ ജർമനിയിൽ ലോക്കൽ ഇമാറത്തുകൾ സ്ഥാപിക്കപ്പെട്ടപ്പോൾ ഡോക്ടർ വഹീദ് അഹ്മദ് സാഹിബ് ആദ്യ ലോക്കൽ അമീറായി നിയോഗിതനായി. 2010-ൽ ലോക്കൽ ഇമാറത്ത് ഇല്ലാതാകുകയും വേറിട്ട ജമാഅത്തുകൾ നിലനിറുത്തപ്പെടുകയും ചെയ്തു. ഡോക്ടർ വഹീദ് അഹ്മദ് സാഹിബ് ഇന്നാളുകളിൽ ഫരീദ് ബെർഗ് ജമാഅത്തിന്റെ പ്രസിഡന്റാണ്. 300-ൽ അധികം അംഗങ്ങൾ ഇപ്പോൾ ഈ ജമാഅത്തിലുണ്ട്. നമ്മുടെ വിദ്യാർഥികൾ യൂണിവേഴ്സിറ്റികളിൽ വിദ്യാഭ്യാസം നേടുന്നു. ചിലർ പി.എച്ച്.ഡിയും കരസ്ഥമാക്കുന്നു.

ഈ പ്രദേശത്ത് മസ്ജിദിന് സ്ഥലം ലഭിക്കുക വളരെ പ്രയാസകരമായിരുന്നു. മസ്ജിദ് നിർമിക്കാനുള്ള അനുവാദം ലഭിക്കുകപോലും ദുഷ്കരമായിരുന്നു. ഹുദൂറിന് നിരന്തരം ദുആയ്ക്കുവേണ്ടി കത്തുകളെഴുതിക്കൊണ്ടിരുന്നു. അല്ലാഹു അനുഗ്രഹം ചൊരിഞ്ഞു. കൗൺസിലുമായി ജമാഅത്ത് ബന്ധപ്പെട്ടപ്പോൾ അറിയാൻ കഴിഞ്ഞത് റെസിഡൻഷ്യൽ പ്രദേശത്തും വ്യവസായിക മേഖലയിലും പ്ലോട്ടിന്റെ വില ഏകദേശം കുറവാണെന്നാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ പൂർണമായും ശ്രദ്ധിക്കാൻ തുടങ്ങി. കൗൺസിലുമായി നിരന്തരം ബന്ധം സ്ഥാപിച്ചു. ഒടുവിൽ 2009-ൽ 2000 ചതുരശ്ര മീറ്ററിന്റെ ഒരു പ്ലോട്ട് ലഭിച്ചു. ഒപ്പം മസ്ജിദിനുള്ള അനുമതിയും ലഭിച്ചു. തദ്ദേശ മേയർ മിഖായേൽ കെല്ലർ ജമാഅത്തിനെ വളരെ സഹായിച്ചു. 2011 ഒക്ടോബർ 13-ന് രണ്ടു ലക്ഷത്തി അറുപതിനായിരം യൂറോ നല്കി ഈ സ്ഥലം ജമാഅത്ത് വാങ്ങി. 2012 മെയ് 29-ന് ഹുദൂർ അയ്യദഹുല്ലാഹ് ഇവിടെ സന്ദർശിച്ചപ്പോൾ ഈ മസ്ജിദിന്റെ തറക്കല്ലിട്ടു. ഇന്ന് ഹുദൂർ അത് ഉദ്ഘാടനം ചെയ്യുകയാണ്.

മസ്ജിദ് ഹാൾ രണ്ടു ഭാഗമാണ്. പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ ഹാളുകളുണ്ട്. കൂടാതെ ഇതിൽ ഓഫീസുകളും കിച്ചണുമുണ്ട്. മസ്ജിദിന്റെ ഗുംബദിന്റെ വിസ്താരം 5 മീറ്ററാണ്. മിനാരത്തിന്റെ ഉയരം 9 മീറ്ററാണ്. 18 വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യമുണ്ട്.അതിഥികളുടെ പ്രഭാഷണങ്ങൾ:

കൗൺസിൽ അംഗമായ മിസ്റ്റർ പീറ്റർ സീബാർത്ത് സദസ്സിനെ അഭിമുഖീകരിച്ചു. അദ്ദേഹം പറഞ്ഞു: ഇന്നിവിടെ നടക്കുന്ന മസ്ജിദുദ്ഘാടനത്തിന് എനിക്ക് ക്ഷണം ലഭിച്ചു. വളരെ സന്തോഷത്തോടെയാണ് ഇന്നത്തെ ഈ പരിപാടിയിൽ ഞാൻ പങ്കെടുക്കുന്നത്. നഗരത്തിന്റെ പാർലമെന്റംഗം എന്ന നിലയിലും നഗരത്തിന്റെ അധികാരികളുടെ പ്രതിനിധി എന്ന നിലയിലുമാണ് ഞാനിവിടെയുള്ളത്. എല്ലാ മതസ്ഥരും താമസിക്കുന്ന പട്ടണമാണ് ഫ്രീഡ്ബെർഗ്. ഫ്രീഡ്ബെർഗിനെ സ്വന്തം വീടായി മനസ്സിലാക്കുന്നവരാണ് ഈ മസ്ജിദ് നിർമിച്ചത്. ഇത് വിജയപ്രദമായ ഉദ്ഗ്രഥനത്തിന്റെ ജാമ്യമാണ്. കേവലം സ്വന്തം സംസ്കാരത്തെ നിലനിറുത്തുക എന്നത് മാത്രമല്ല ഉദ്ഗ്രഥനത്തിന്റെ ലക്ഷ്യം. പ്രത്യുത, ഈ നാടിനെ സ്വന്തം വീടായി മനസ്സിലാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. ഇന്നത്തെ മസ്ജിദ് ദാറുൽ അമാൻ ഉദ്ഘാടനത്തിലൂടെ ഇതേ കാര്യത്തിന്റെ പ്രകടനമാണ് നടക്കുന്നത്. നമുക്ക് ഇതിൽ വളരെ സന്തോഷമുണ്ട്. ഇതിൽ ഞാൻ അഹ്മദിയ്യാ ജമാഅത്തിന് വളരെയധികം ഭാവുകങ്ങൾ നേരുന്നു. അല്ലാഹു ഈ മസ്ജിദിന്റെമേലും ഇതിൽ ആരാധന നിർവഹിക്കുന്നവരുടെ മേലും തന്റെ സംരക്ഷണത്തിന്റെ ചിറക് വിരിച്ച് വെക്കുമാറാകട്ടെ എന്നതാണ് എന്റെ പ്രാർഥന.

ജില്ലാ അഡ്മിനിസ്ട്രേറ്ററും കൗണ്ടിയുടെ കമ്മീഷണറുമായ മിസ്റ്റർ ജോച്ചിം ആർനോൾഡ് തുടർന്ന് സദസ്സിനെ അഭിമുഖീകരിച്ചു. അദ്ദേഹം പറഞ്ഞു: ഞാനിന്ന് ഈ പുതിയ മസ്ജിദിന്റെ ഉദ്ഘാടന വേളയിൽ ഈ ജില്ലയുടെ സമസ്ത ഭാഗത്തേയും പ്രതിനിധാനം ചെയ്തുകൊണ്ട് ആശംകൾ നേരുകയാണ്. ഈ മസ്ജിദിൽ പ്രവേശിക്കുന്നവരേയും ആരാധന നിർവഹിക്കുന്നവരേയും അല്ലാഹു സംരക്ഷിക്കുമാറാകട്ടെ. നമ്മുടെ ജില്ല വെട്ടേറൌ വിവിധ ജനതകൾ ഒന്നിച്ച് അധിവസിക്കുന്ന ഒരു പ്രദേശമാണ്. 25000 വിദേശികൾ ഇവിടെ താമസിക്കുന്നുണ്ട്. നമ്മൾ ഇവരെ ആദരദൃഷ്ടിയോടെ നോക്കിക്കാണുന്നു. ഇവിടെ 119 ജനതകളാണ് താമസിക്കുന്നത്. ഇവിടുത്തെ അന്തരീക്ഷത്തിൽ ഇണങ്ങിച്ചേരാൻ ഓരോരുത്തരും ആഗ്രഹിക്കുന്നു. ഇവിടെയുള്ളത് വിവിധ പ്രകൃതങ്ങളും ചിന്താധാരാകളും വെച്ചു പുലർത്തുന്നവരാണ്. ചിലർ മതവുമായി ബന്ധപ്പെട്ട് നിൽക്കാൻ ശ്രമിക്കുന്നു. ചിലർ മറ്റു ചില വീക്ഷണങ്ങളുള്ളവരാണ്. എന്നാൽ, ഏവർക്കും ഇവിടെ താമസിക്കുന്നതിനും സ്വാതന്ത്ര്യത്തോടെ സ്വഅഭിപ്രായം തുറന്നു പ്രകടിപ്പിക്കുന്നതിനുമുള്ള അവകാശമുണ്ട്. ഇത് ജനാധിപത്യത്തിന്റെ മൂലഘടകങ്ങളാണ്. നമ്മൾ നമ്മുടെ വീഴ്ചകളിൽനിന്ന് ഗുണപാഠം സ്വീകരിച്ചിരിക്കുന്നു. നാസിയുടെ കാലഘട്ടത്തിൽ സംഭവിച്ചത് ഉദാഹരണമാണ്.

സഹവർത്തിത്വം നമ്മുടെ മുമ്പിൽ വളരെ പ്രാധാന്യം അർഹിക്കുന്നു. തീവ്രസ്വഭാവമുള്ളവരും കഠിനവാദികളും സഹവർത്തിത്വത്തിന് ഭീഷണിയാണ്. മതപരമായ ആൾക്കാരും രാഷ്ട്രീയക്കാരും ഇത്തരത്തിലുണ്ട്.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്നും സഹവർത്തിത്വം പുലർത്തുന്നവരാണെന്നതിന് 25 വർഷമായി ഞാൻ സാക്ഷിയാണ്. സമൂഹത്തിൽ തങ്ങളുടേതായ പങ്ക് അവർ വഹിച്ചുവരുന്നു. ഇവിടെ മതപരമായ സഹവർത്തിത്വമുണ്ടെന്നതിന് നിങ്ങളുടെ മസ്ജിദ് അടയാളമാണ്. പരസ്പരം സഹവർത്തിത്വത്തോടെ ജീവിതം നയിക്കുന്നു. അതുകൊണ്ട് ദൈവസായൂജ്യം ഈ മസ്ജിദിൽ ഞാനാഗ്രഹിക്കുയാണ്.

പിന്നീട് മുൻനീതിന്യായ വകുപ്പ് മന്ത്രി മിസ്റ്റർ ജോർഗ് ഉവെ ഹാഹൻ സദസ്സിനെ അഭിമുഖീകരിച്ചു. അദ്ദേഹം പറഞ്ഞു: സമാദരണീയരായ ഖലീഫത്തുൽമസീഹ് ഇന്നത്തെ ഈ സുപ്രധാന ചടങ്ങിൽ പങ്കെടുത്തതുകൊണ്ട് ഞാൻ വളരെ സന്തോഷവാനാണ്. ഒരു സ്ഥലത്ത് താമസിക്കാനാഗ്രഹിക്കുമ്പോൾ അവിടെ നമ്മൾ സ്വന്തം വീടുണ്ടാക്കുന്നു. സ്ഥായിയായി താമസിക്കാനാഗ്രഹിക്കുമ്പോൾ ദൈവത്തിന്റെ ഭവനമുണ്ടാക്കുന്നു. ദൈവഭവനം ഉദ്ഘാടനം ചെയ്യുന്ന ഈ വേളയിൽ പങ്കെടുക്കുന്ന എന്നെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ദിനം സുപ്രധാനമാണ്. മറ്റു പാർലമെന്റംഗൾക്കുവേണ്ടിയും അഹ്മദിയ്യാ ജമാഅത്തിന് ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു. കഴിഞ്ഞ വർഷങ്ങളിൽ നിങ്ങൾ നിർമിച്ച മസ്ജിദുകളിലധികവും ഹെസ്സൻ സംസ്ഥാനത്താണ്. നമ്മുടെ ഹെസ്സൻ സംസ്ഥാനത്തിലെ സ്കൂളുകളിൽ നിങ്ങൾ ഇസ്‌ലാം പഠനം സാധ്യമാക്കിയതിൽ പ്രത്യേകമായും ഞാൻ നന്ദിയുളളവനാണ്. ഇതുമായി ബന്ധപ്പെട്ട് അഹ്മദിയ്യാ ജമാഅത്ത് അസാധാരണമായ നിലയിൽ നമ്മളുമായി സഹകരിച്ചു പ്രവർത്തിച്ചു.

നിങ്ങളിവിടെ ദൈവഭവനം നിർമിച്ചതിന്റെ അർഥം ഈ പ്രദേശത്തെ നല്ലതായി മനസ്സിലാക്കുന്നു വെന്നാണ്. ഒരു മസ്ജിദ് നിർമിച്ചപ്പോൾ ഒരു മതപരമായ സമൂഹത്തിന് ലഭിക്കേണ്ട എല്ലാ അവകാശങ്ങളും സമാനമായി നിങ്ങൾക്കും നൽകേണ്ടത് ഭരണകൂടത്തിന്റെ ബാധ്യതയാണ്.

ഓരോ വർഷാരംഭത്തിലും ഹെസ്സൻ സംസ്ഥാനത്തിന്റെ ഓരോ പ്രദേശവും ശ്രമദാനത്തിലൂടെ നിങ്ങൾ ശുചീകരിക്കുന്നു. വനവൽക്കരണ പരിപാടിയിൽ പങ്കാളിയാകുന്നു. തദ്വാര പൊതുജനങ്ങൾക്ക് സേവനം ചെയ്യുന്നു. അഹ്മദിയ്യാ ജമാഅത്ത് ഇപ്പോൾ ജർമനിയുടെ ഭാഗമാണ്. ഹെസ്സൻ സംസ്ഥാനത്തിന്റെ ഭാഗമാണ്. നമ്മുടെ ജില്ലയുടെ ഭാഗമാണ്. വഴിയിൽ ഇത്രയധികം വാഹനങ്ങൾ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 11 April 2024 Issue-15

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

പെട്ടെന്ന് വന്ന് നിന്നു എന്ന് ഏതെങ്കിലും അയൽവാസി പരാതിപ്പെട്ടാൽ ഒരു വിധത്തിലും നിങ്ങൾ പരിഭ്രമിക്കേണ്ട. ഉദ്ഗ്രഥനം ഏകദേശം നടന്നു കഴിഞ്ഞുവെന്ന് നിങ്ങൾ മനസ്സിലാക്കുക. നിങ്ങൾ ഔദ്യോഗികമായ നിലയിൽ നമ്മുടെ ഈ നഗരത്തിന്റെ ഭാഗമായിട്ടുണ്ട്. നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽകൂടി നന്ദികളർപിക്കുന്നു.

തുടർന്ന് 06.20-ന് ഹുദൂർ അയ്യദഹുല്ലാഹ് വേദിയെ സംബോധനചെയ്ത് സംസാരിച്ചു. (അവലംബം, ബദ്ർ ഉർദു 2014 ജൂലായ് 03-10)

---

**സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ സ്ഥാപനത്തിൽ സേവനം ചെയ്യാനാഗ്രഹിക്കുന്നവർ ശ്രദ്ധിക്കുക.**
**സെക്കന്റ് ഗ്രേഡ് ഒഴിവിലേക്കുള്ള നിബന്ധനകൾ**

(1) ഉദ്യോഗാർഥിയുടെ പ്രായം 25 വയസ്സിന് മുകളിലും 18വയസ്സിന് താഴെയുമായിരിക്കരുത്(2)ഉദ്യോഗാർഥിയുടെ യോഗ്യത പ്ലസ് ടൂവിൽ 45% മാർക്കുണ്ടായിരിക്കണം.(3)ഉദ്യോഗാർഥി ഉർദു-ഇംഗ്ലീഷ് കമ്പോസിംഗ് അറിഞ്ഞിരിക്കണം. ഒരു മിനുറ്റിൽ 25 വാക്കുകൾ ടൈപ്പു ചെയ്യേണ്ടതാണ്.(4) ഈ വിളംബരത്തിനുശേഷം 2 മാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമെ പരിഗണിക്കപ്പെടുകയുള്ളു. (5)പരീക്ഷയ്ക്കുള്ള സിലബസ്സ് താഴെ ചേർക്കുന്നു: എല്ലാ ഭാഗങ്ങൾക്കും ഉത്തരം എഴുതേണ്ടത് നിർബന്ധമാണ്. ഭാഗം 1. വിശുദ്ധ ഖുർആൻ മുഴുവൻ ഓതാൻ അറിയണം. ആദ്യത്തെ ജുസു തർജമയോടെ. * 40 ഹദീഥുകൾ, ഇസ്‌ലാം കാര്യങ്ങൾ, നമസ്കാരും മുഴുവൻ തർജമയോടെ.(30 മാർക്ക്) ഭാഗം 2. പുസ്തകം: കശ്തിയെ നൂഹ്, ബർക്കാത്തുദ്ദുആ, ദീനീ മഅ്‌ലൂമാത്ത്. * അഹ്മദിയ്യ ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെ കുറിച്ച് പ്രബന്ധം, * പദ്യം ദുർറെഥമീനിൽനിന്ന് (ശാനെ ഇസ്‌ലാം)(20 മാർക്ക്)ഭാഗം 3.ഇംഗ്ലീഷ് പരിജ്ഞാനം. +2 നിലവാരം.(20 മാർക്ക്)ഭാഗം 4. മെട്രിക് നിലവാരത്തിലുള്ള ഗണിതം.(ഓഫീസ് സംബന്ധമായുള്ള ചോദ്യങ്ങൾ)(20 മാർക്ക്)ഭാഗം 5. പൊതു വിജ്ഞാനം(ഏ.ഗ)(10 മാർക്ക്)

(6)എഴുത്തുപരീക്ഷയിൽ പാസാകുന്നവർക്കു മാത്രമെ ഇന്റർവ്യു ഉണ്ടാകുകയുള്ളു. (7) എഴുത്തുപരീക്ഷ, കമ്പ്യൂട്ടർ ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയിൽ പാസാകുന്നവർ ഖാദിയാൻ നൂർ ആശുപത്രിയിൽനിന്ന് മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്. നൂർ ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർഥി സേവനത്തിന് അർഹനാകുക.(8)തിരഞ്ഞെടുക്കപ്പെട്ടാൽ ഉദ്യോഗാർഥി ഖാദിയാനിൽ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്. പിന്നീട് താമസസൗകര്യത്തിനുവേണ്ടിയുള്ള അപേക്ഷകളിൽ ഒരു നടപടിയും ഉണ്ടാകുന്നതല്ല.(9)യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.

(നോട്ട്:എഴുത്തുപരീക്ഷ ഇന്റർവ്യൂ എന്നവയുടെ തിയതികൾ ഉദ്യോഗാർഥികളെ പിന്നീട് അറിയിക്കുന്നതാണ്)

കൂടുതൽ വിവരത്തിനു ബന്ധപ്പെടുക:
NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN, PIN 143 516
Mob:09682627592, 09682587713, Office:01872501130

---

**ഖാദിയാൻ ദാറുൽഅമാനിൽ സംഘടിപ്പിക്കുന്ന വാർഷിക**
**ഇജ്തിമാകളുടെ തിയതി**

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഭാരതത്തിലെ ഉപസംഘടനകളുടെ (മജ്‌ലിസ് അൻസ്വാറുല്ലാഹ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, ലജ്ന ഇമാഇല്ലാഹ്) ദേശീയ വാർഷിക ഇജ്തിമാകൾ 2024 ഒക്ടോബർ 25, 26, 27(വെള്ളി, ശനി, ഞായർ) എന്നീ തിയതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു.

എല്ലാ ഉപസംഘടനകളിലേയും അംഗങ്ങൾ ഖാദിയാൻ ദാറുൽ അമാനിൽ ആത്മീയാന്തരീക്ഷത്തിൽ സംഘടിപ്പിക്കുന്ന ഈ ഇജ്തിമാകളിൽ പങ്കെടുക്കുന്നതിന് ഇപ്പോൾ മുതൽതന്നെ തയ്യാറെടുപ്പുകൾ തുടങ്ങുക. ഈ ഇജ്തിമാകൾ തർബിയ്യത്തിനുള്ള സുപ്രധാന മാർഗമാണ്. (സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത്)

---

**129-ാമത് ജൽസ സാലാന ഖാദിയാൻ 2024 ഡിസംബർ 27,28,29 തിയതികളിൽ**

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 129-ാമത് ജൽസ സാലാന ഖാദിയാൻ 2024 ഡിസംബർ 27,28,29(വെള്ളി, ശനി, ഞായർ) തിയതികളിൽ സംഘടിപ്പക്കാൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ദുആയോടുകൂടി ഈ ആത്മീയ സമ്മേളനത്തിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ നടത്തുക. ഈ ജൽസ ലോകത്തിന് ഹിദായത്തിനുള്ളമാർഗമാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ജസാക്കുമുല്ലാഹ് (നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

---

**മസ്ജിദ് അല്ലാഹുവിന്റെ ഭവനമാകുന്നു**

മസ്ജിദ് അല്ലാഹുവിന്റെ വീടാണെന്നാണ് ഞങ്ങളുടെ വിശ്വാസം. ഓരോ ആരാധനയുടേയും ഇടം അല്ലാഹുവിന്റെ ഭവനമാണ്. നബി(സ)തിരുമേനിയുടെ മദീനാ പലായനത്തിനുശേഷം മക്കാ നിഷേധികൾ നബി(സ)തിരുമേനിയെ ആക്രമിച്ചപ്പോൾ മുസ്‌ലിമീങ്ങളുടെ കൈയിൽ ഒരു യുദ്ധായുധവുമുണ്ടായിരുന്നില്ല. അപ്പോൾ അല്ലാഹുവിൽനിന്ന് കൽപന വന്നു. ഇപ്പോൾ ക്ഷമ അതിരു കടന്നിരിക്കുന്നു. 13 വർഷംവരെ നീ ക്ഷമിച്ചു. ഇനി ശത്രുവിന്റെ കൈകൾ തടയേണ്ടി വരും. ശക്തമായ മറുപടി നല്കേണ്ടിയുംവരും. എന്നാൽ, ശക്തി എന്താണ്? കേവലം മുസ്‌ലിമീങ്ങളെ സംരക്ഷിക്കാൻ മാത്രമല്ല, അങ്ങനെ ഒരിക്കലുമല്ല! അവിടന്ന് പറഞ്ഞു: ഇന്നവരുടെമേൽ ബലം പ്രയോഗിച്ചില്ലെങ്കിൽ മതത്തിന്റെ ശത്രുക്കളായ ഇവർ ദൈവഭവനങ്ങളെ ജനനിബിഢമാക്കി വെക്കാൻ സമ്മതിക്കുകയില്ല. ഒരു മതവുമായും ബന്ധം നിലനിറുത്താനും ആരാധനാലയങ്ങളെ ജനനിബിഢമാക്കി വെക്കാനും ഇവർ ഇഷ്ടപ്പെടുന്നില്ല. അതെല്ലാം ഇവർ നശിപ്പിക്കുന്നതായിരിക്കും. അതുകൊണ്ട് വിശുദ്ധ ഖുർആനിൽ വളരെ വ്യക്തമായും ഇത് രേഖപ്പെട്ടുകിടക്കുന്നു. അവരുടെ കൈകൾ തടയാതിരുന്നാൽ ചർച്ചുകളോ സിനഗോഗോ മറ്റു ആരാധനാലയങ്ങളോ മസ്ജിദുകളോ ശേഷിക്കുകയില്ല. മുസ്‌ലിമീങ്ങൾ കേവലം മസ്ജിദുകൾ മാത്രമല്ല പ്രത്യുത ഓരോ ആരാധനാലയത്തേയും പ്രതിരോധിക്കുന്നുവെന്ന് ചുരുക്കം!

**(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്)**

---

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ**
**670 303.**
**ismayeel.ha@gmail.com**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin